**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4012** **03-03-2023 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ കോളേജുകളെ എയിംസ് നിലവാരത്തിലേക്കുയർത്താൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ ഒ . ആർ. കേളു<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. എ. രാജ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മാതൃ, ശിശു മരണനിരക്കിലും മറ്റ് ആരോഗ്യ വികസന സൂചികകളിലും വികസിത രാജ്യങ്ങളോട് കിടപിടിക്കുന്ന മികവ് സംസ്ഥാനത്തെ പൊതുജനാരോഗ്യ രംഗത്ത് കൈവരിക്കാൻ കഴിഞ്ഞ സാഹചര്യത്തിൽ പ്രസ്തുത നേട്ടം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് അതിവിദഗ്ധ ചികിത്സാ സൗകര്യവും ഗവേഷണ നേട്ടങ്ങളും വിപുലീകരിക്കുന്നതിന് അനിവാര്യമായ എയിംസ് അനുവദിക്കുന്നതിൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തോട് പുലർത്തുന്ന വിവേചനപൂർണ്ണമായ നടപടി തിരുത്താൻ ആവശ്യപ്പെടുമോ; | (എ) | കേരളത്തിൽ എയിംസ് സ്ഥാപിക്കുന്നതിനായി കേരള സർക്കാർ കേന്ദ്ര സർക്കാരിന്മേൽ ശക്തമായ സമ്മർദ്ദം ചെലുത്തി വരുന്നു. ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് സ്ഥാപിക്കുന്നതിനുള്ള കേന്ദ്രസർക്കാരിന്റെ അനുമതി ലഭ്യമായാലുടൻ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു വേണ്ട നടപടികൾ ത്വരിതഗതിയിൽ സംസ്ഥാന സർക്കാർ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിലെ കിനാലൂരിലുള്ള കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷന്റെ (KSIDC) ഉടമസ്ഥതയിൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയും, കൂടാതെ സ്വകാര്യ വ്യക്തികളുടെ സ്ഥലവും ഉൾപ്പെടെ കോഴിക്കോട് ജില്ലാ കളക്ടർ കണ്ടെത്തിയ 40.6802 ഹെക്ടർ സ്ഥലം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ പേരിൽ ഏറ്റെടുക്കുന്നതിനായി സർക്കാർ തീരുമാനിക്കുകയും, പ്രസ്തുത സ്ഥലം ഏറ്റെടുത്ത് കൈമാറുന്നതിനായി റവന്യൂ വകുപ്പിനെയും, ഇതിനുവേണ്ട തുക അനുവദിക്കുന്നതിനായി ധനകാര്യ വകുപ്പിനെയും G.O(Rt)No.2523/2021/H&FWD dated: 17.11.2020 പ്രകാരം ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലാ കളക്ടർ , ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതിനായി കൊയിലാണ്ടി ലാന്റ് അക്വിസിഷൻ സ്പെഷ്യൽ തഹസീൽദാറെ ചുമതലപ്പെടുത്തുകയും, ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ലാന്റ് അക്വിസിഷൻ സ്പെഷ്യൽ തഹസീൽദാർ സ്വീകരിച്ചു വരികയും ചെയ്യുന്നു. G.O(Rt)No.722/2022/ID dated: 26/07/2022 പ്രകാരം കേരള സ്റ്റേറ്റ് |

| | | | |
|---|---|---|---|
| | | | ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷന്റെ (KSIDC) ഉടമസ്ഥതയിലുള്ള 151.58 ഏക്കർ ഭൂമിയുടെ കൈവശാവകാശം ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കൈമാറിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ചെലവുകൾ വകയിരുത്തുന്നതിനായി 4210-03-105-13 (PV) എന്ന ശീർഷകം G.O(Rt)No.1414/2022/H&FWD dated: 17.06.2022 പ്രകാരം അനുവദിക്കുകയും പ്രാഥമിക ചെലവുകൾക്കായി 92,62,000/- രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്ന ഭാഗത്ത് അതിരടയാള കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ ഭൂമി ഏറ്റെടുക്കുന്ന ഭാഗത്ത് സാമൂഹ്യ പ്രത്യാഘാത പഠനം പൂർത്തിയായിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളെ എയിംസ് നിലവാരത്തിലേക്ക് ഉയർത്താൻ പദ്ധതി നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | സർക്കാർ മെഡിക്കൽ കോളേജുകളെ കൂടുതൽ സൗകര്യങ്ങളോടു കൂടിയ സ്ഥാപനങ്ങളാക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ വികസനത്തിനായുള്ള മാസ്റ്റർ പ്ലാൻ തയാറാക്കി അതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ വികസനത്തിനായി KIIFB യുടെ സഹായത്തോടെ 717.29 കോടി രൂപയുടെ മാസ്റ്റർ പ്ലാൻ പദ്ധതി നടപ്പിലാക്കാൻ 16.04.2018 ലെ സ.ഉ (സാധാ)നം. 1247/2018/ആ.കു.വ പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ഇതിന്റെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ടിരുന്ന റോഡ്, പാലം എന്നിവയുടെ പണികൾ 12.08.2022-ൽ പൂർത്തിയാക്കുകയും 16/08/2022-ൽ ബഹു മുഖ്യമന്ത്രി ഉദ്ഘാടനം നിർവ്വഹിച്ച് പൊതുജനങ്ങൾക്കായി തുറന്നു നൽകുകയും ചെയ്തു. Multi level car parking നു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>രണ്ടാം ഘട്ട പ്രവർത്തനങ്ങളിൽ OT Cum Srugical Block, SAT Hospital New Block, SAT Hospital New Block, MLT Block ന്റെ നിർമ്മാണ ഉദ്ഘാടനം മാർച്ച് മാസം ആരംഭിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്. OT Cum Srugical Block,, SAT Hospital New Block എന്നിവയുടെ ഡിസൈൻ റിവ്യൂ പൂർത്തിയാക്കി സാങ്കേതിക അനുമതിയ്ക്കുള്ള തയ്യാറെടുപ്പുകൾ നടത്തിവരികയാണ്. ടി പ്രവർത്തികൾ ജൂൺ മാസത്തോടുകൂടി ടെണ്ടർ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| | | | OT Cum Surgical Block ന്റെ നിർമ്മാണത്തിനായി 16,17,18,19,24,25 &ബേൺസ് ഐ.സി.യു എന്നീ വാർഡുകൾ demolish ചെയ്തിട്ടുണ്ട്.<br><br>മൂന്നാം ഘട്ട പ്രവർത്തനങ്ങളിൽ Hostel & Residential complex for accommodating faculty, Residents and Interns, Nurses, Paramedical Staff and Other Stfaf, New Academic Block, Imageology complex, CCTV, MLCP, Land acquisition എന്നിവ ഉൾപ്പെടുന്നു . |

സെക്ഷൻ ഓഫീസർ

പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4012 — 03-03-2023-ൽ മറുപടി

**മെഡിക്കൽ കോളേജുകളെ എയിംസ് നിലവാരത്തിലേക്കുയർത്താൻ പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>ശ്രീ ഒ . ആർ. കേളു<br>ശ്രീമതി.യു പ്രതിഭ<br>ശ്രീ. എ. രാജ | വീണാ ജോർജ്<br>(ആരോഗ്യ വനിത-<br>ശിശു -വികസന വകുപ്പമന്ത്രി ) |
| (എ) മാതൃ, ശിശു മരണനിരക്കിലും മറ്റ് ആരോഗ്യ വികസന സൂചികകളിലും വികസിത രാജ്യങ്ങളോട് കിടപിടിക്കുന്ന മികവ് സംസ്ഥാനത്തെ പൊതുജനാരോഗ്യ രംഗത്ത് കൈവരിക്കാൻ കഴിഞ്ഞ സാഹചര്യത്തിൽ പ്രസ്തുത നേട്ടം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് അതിവിദഗ്ധ ചികിത്സാ സൗകര്യവും ഗവേഷണ നേട്ടങ്ങളും വിപുലീകരിക്കുന്നതിന് അനിവാര്യമായ എയിംസ് അനുവദിക്കുന്നതിൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തോട് പുലർത്തുന്ന വിവേചനപൂർണ്ണമായ നടപടി തിരുത്താൻ ആവശ്യപ്പെട്ടുമോ; | (എ) കേരളത്തിൽ എയിംസ് സ്ഥാപിക്കുന്നതിനായി കേരള സർക്കാർ കേന്ദ്ര സർക്കാരിന്മേൽ ശക്തമായ സമ്മർദ്ദം ചെലുത്തി വരുന്നു. ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് സ്ഥാപിക്കുന്നതിനുള്ള കേന്ദ്രസർക്കാരിന്റെ അനുമതി ലഭ്യമായാലുടൻ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു വേണ്ട നടപടികൾ ത്വരിതഗതിയിൽ സംസ്ഥാന സർക്കാർ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിലെ കിനാലൂരിലുള്ള കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷന്റെ (KSIDC) ഉടമസ്ഥതയിൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയും, കൂടാതെ സ്വകാര്യ വ്യക്തികളുടെ സ്ഥലവും ഉൾപ്പെടെ കോഴിക്കോട് ജില്ലാ കളക്ടർ കണ്ടെത്തിയ 40.6802 ഹെക്ടർ സ്ഥലം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ പേരിൽ ഏറ്റെടുക്കുന്നതിനായി സർക്കാർ തീരുമാനിക്കുകയും, പ്രസ്തുത സ്ഥലം ഏറ്റെടുത്ത് കൈമാറുന്നതിനായി റവന്യൂ വകുപ്പിനെയും, ഇതിനുവേണ്ട തുക അനുവദിക്കുന്നതിനായി ധനകാര്യ വകുപ്പിനെയും G.O(Rt)No.2523/2021/H&FWD dated: 17.11.2020 പ്രകാരം ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലാ കളക്ടർ , ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതിനായി കൊയിലാണ്ടി ലാന്റ് അക്വിസിഷൻ സ്പെഷ്യൽ തഹസീൽദാറെ ചുമതലപ്പെടുത്തുകയും, ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ലാന്റ് അക്വിസിഷൻ സ്പെഷ്യൽ തഹസീൽദാർ സ്വീകരിച്ചു വരികയും ചെയ്യുന്നു. G.O(Rt)No.722/2022/ID dated: 26/07/2022 പ്രകാരം കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷന്റെ (KSIDC) ഉടമസ്ഥതയിലുള്ള 151.58 ഏക്കർ ഭൂമിയുടെ കൈവശാവകാശം ആരോഗ്യ |

കുടുബക്ഷേമ വകുപ്പിന് കൈമാറിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ചെലവുകൾ വകയിരുത്തുന്നതിനായി 4210-03-105-13 (PV) എന്ന ശീർഷകം G.O(Rt)No.1414/2022/H&FWD dated: 17.06.2022 പ്രകാരം അനുവദിക്കുകയും പ്രാഥമിക ചെലവുകൾക്കായി 92,62,000/- രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്ന ഭാഗത്ത് അതിരടയാള കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ ഭൂമി ഏറ്റെടുക്കുന്ന ഭാഗത്ത് സാമൂഹ്യ പ്രത്യാഘാത പഠനം പൂർത്തിയായിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളെ എയിംസ് നിലവാരത്തിലേക്ക് ഉയർത്താൻ പദ്ധതി നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) സർക്കാർ മെഡിക്കൽ കോളേജുകളെ കൂടുതൽ സൗകര്യങ്ങളോടു കൂടിയ സ്ഥാപനങ്ങളാക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു.

(സി) തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ വികസനത്തിനായുള്ള മാസ്റ്റർ പ്ലാൻ തയാറാക്കി അതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടോ, വ്യക്തമാക്കുമോ?

തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ വികസനത്തിനായി KIIFB യുടെ സഹായത്തോടെ 717.29 കോടി രൂപയുടെ മാസ്റ്റർ പ്ലാൻ പദ്ധതി നടപ്പിലാക്കാൻ 16.04.2018 ലെ സ.ഉ (സാധാ)നം. 1247/2018/ആ.കു.വ പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ഇതിന്റെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ടിരുന്ന റോഡ്, പാലം എന്നിവയുടെ പണികൾ 12.08.2022-ൽ പൂർത്തിയാക്കുകയും 16/08/2022-ൽ ബഹു മുഖ്യമന്ത്രി ഉദ്ഘാടനം നിർവ്വഹിച്ച് പൊതുജനങ്ങൾക്കായി തുറന്നു നൽകുകയും ചെയ്തു. Multi level car parking നു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

രണ്ടാം ഘട്ട പ്രവർത്തനങ്ങളിൽ OT Cum Srugical Block, SAT Hospital New Block, SAT Hospital New Block, MLT Block ന്റെ നിർമ്മാണ ഉദ്ഘാടനം മാർച്ച് മാസം ആരംഭിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്. OT Cum Srugical Block,, SAT Hospital New Block എന്നിവയുടെ ഡിസൈൻ റിവ്യൂ പൂർത്തിയാക്കി സാങ്കേതിക അനുമതിയ്ക്കുള്ള തയ്യാറെടുപ്പുകൾ നടത്തിവരികയാണ്. ടി പ്രവർത്തികൾ ജൂൺ മാസത്തോടുകൂടി ടെണ്ടർ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

OT Cum Surgical Block ന്റെ നിർമ്മാണത്തിനായി 16,17,18,19,24,25 &ബേൺസ് ഐ.സി.യു എന്നീ വാർഡുകൾ demolish ചെയ്തിട്ടുണ്ട്.

മൂന്നാം ഘട്ട പ്രവർത്തനങ്ങളിൽ

Hostel & Residential complex for accommodating faculty, Residents and Interns,

Nurses, Paramedical Staff and Other Stfaf, New Academic Block, Imageology complex, CCTV, MLCP, Land acquisition എന്നിവ ഉൾപ്പെട്ടുന്നു .

**സെക്ഷൻ ഓഫീസർ**

അനുബന്ധം

## സർക്കാർ മെഡിക്കൽ കോളേജുകളെ കൂടുതൽ സൗകര്യങ്ങളോടു കൂടിയ സ്ഥാപനങ്ങളാക്കുന്നതിനായി സ്വീകരിച്ച നടപടികൾ

### സർക്കാർ മെഡിക്കൽ കോളേജ്, എറണാകുളം

- 25 കോടി രൂപ ചെലവില് CT/MRI സ്ഥാപിച്ചു.
- ഇമേജിംഗ് സെന്ററിൽ 1 കോടി 69 ലക്ഷം രൂപ ചെലവിൽ .ഡിജിറ്റൽ മാമോഗ്രാഫി മെഷീന് സ്ഥാപിച്ചു.
- 50 ലക്ഷം രൂപ ചെലവിൽ 20 പേ വാർഡ് മുറികൾ നവീകരിച്ചു.
- 5 കോടിരൂപ ചെലവിൽ കാർ പാർക്കിംഗ് സൗകര്യം ഉൾപ്പെടെ 4 നിലകളിലായി 14,639 സ്ക്വയർ ഫീറ്റ് വിസ്തൃതിയിൽ 8 ഡോക്ടേഴ്സ് ഫാമിലി ക്വാർട്ടേഴ്സ് പണികഴിപ്പിച്ചു.
- ആശുപത്രി അത്യാഹിത വിഭാഗം 50 ലക്ഷം രൂപ ചെലവിൽ നവീകരിച്ചു.
- 52.80 ലക്ഷം രൂപ ചെലവിൽ ക്യാമ്പസിൽ ഹൈമാസ്റ്റ് വിളക്കുകൾ ഉൾപ്പെടെയുള്ള വിപുലമായ സ്ട്രീറ്റ് സംവിധാനം ഒരുക്കി.
- 11.35 കോടി രൂപ ചിലവിൽ എസ്.ടി.പി പ്ലാൻറ്റ് പണി പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചു.
- 2.85 കോടി രൂപ ചിലവിൽ 8.27 ലക്ഷം സ്ക്വയർ ഫീറ്റിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ പണികൾ ത്വരിതഗതിയിൽ പുരോഗമിക്കുന്നു.
- 4 കോടി രൂപ ചിലവിൽ Ramp facility പ്രവൃത്തികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.
- 40 ലക്ഷം രൂപ ചിലവിൽ Renovation of room behind the Cytology ലാബിന്റെ പ്രവൃത്തി പൂർത്തീകരിച്ചു.

- 12.72 ലക്ഷം ചെലവിൽ Construction of Biomedical Waste Storage Shed ന്റെ പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചു.
- 85 ലക്ഷം രൂപ ചിലവിൽ Renovation of Existing Library for Meeting MCI Requirement ന്റെ പ്രവ്യത്തി പൂർത്തീകരിച്ചു.
- 47.90 ലക്ഷം രൂപ ചിലവിൽ Modernization of the 2 nos of existing bed cum passenger lift at block -5 CU block and Block 6 Gynec ന്റെ പ്രവ്യത്തി പൂർത്തിയായി.
- 1.5 കോടി രൂപ ചിലവിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, മെഡിക്കൽ റെക്കോർഡ് ലൈബ്രറി എന്നിവയുടെ നവീകരണ പ്രവൃത്തികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.
- 56.8 ലക്ഷം ചിലവിൽ മോർച്ചറി കെട്ടിടത്തിലെ ലിഫ്റ്റ് നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.
- 25.11ലക്ഷം ഓഡിറ്റോറിയത്തിൽ Audio *amp; video സംവിധാനം സ്ഥാപിക്കുന്ന വർക്കുകൾ പുരോഗമിച്ചുക്കൊണ്ടിരിക്കുന്നു.
- 50 ലക്ഷം രൂപ ചിലവിൽ ഡയാലിസിസ് ബ്ലോക്ക് വിപുലീകരിക്കുന്ന പദ്ധതി പുരോഗമിച്ചു കൊണ്ടിരിക്കുന്നു.
- 13.21 ലക്ഷം രൂപ ചെലവിൽ ഒ.പി രജിസ്ട്രേഷൻ കൗണ്ടറിൽ ടോക്കൺ സംവിധാനം, വാർഡുകളിലെ അറിയിപ്പ് സംവിധാനം, ഐ.സി.യു വിൽ ബൈസ്റ്റാൻഡർ കോളിംഗ് സിസ്റ്റം സ്ഥാപിക്കുന്ന വർക്കുകൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.
- 56 ലക്ഷം ചിലവിൽ വനിത വിശ്രമ കേന്ദ്രം നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.
- കോവിഡ് പ്രതിരോധ പ്രവർത്തനത്തിനു പ്രൊഫസർ വൈരേലിൽ കരുണാകരൻ മേനോൻ പുരസ്കാരം 05/01/2022 ൽ ലഭ്യമായിട്ടുണ്ട്.
- സൈറ്റോളജി ലാബ് 40.35 ലക്ഷം രൂപ ചെലവിൽ നവീകരിച്ചു.

- തിമിര ശസ്ത്രക്രിയ ആവശ്യം വരുന്നവർക്കായി നേത്രരോഗ വിഭാഗം ഓപ്പറേഷൻ തിയറ്റർ പുനരാരംഭിച്ചു.
- എച്ച്.ഐ.വി ബാധിതരായ രോഗികൾക്കായി എ.ആർ.ടി സെന്റർ ആരംഭിച്ചു.
- പ്രമേഹ ബാധിതരായ കുട്ടികൾക്ക് സൗജന്യമായി ഇൻസുലിൻ ഉൾപ്പെടെയുള്ള ചികിത്സ ലഭ്യമാക്കുന്നതിന് മിഠായി പദ്ധതിയുടെ സാനുലൈൻ സെന്റർ ആരംഭിച്ചു.
- ശിശു രോഗ വിഭാഗ വാർഡിൽ 2.50 കോടി രൂപ ചെലവിൽ Centre of Excellence ന്റെ പണി പൂർത്തീകരിച്ചു.
- ഒ.പി യിലും, അത്യാഹിത വിഭാഗത്തിലും ചികിത്സ തേടുന്ന വീൽ ചെയർ / ട്രോളി സേവനം ആവശ്യമായി വരുന്ന രോഗികളെ ഷിഫ്റ്റു ചെയ്യുന്നതിനായി ഷിഫ്റ്റിഗ് ടീം രൂപികരിച്ചു.
- കാസ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഡയാലിസിസ് രോഗികൾക്കായി പോർട്ടബിൾ ആർ.ഒ പ്ലാന്റ് സ്ഥാപിച്ചു.
- ലേബർ റൂമിൽ അടിയന്തിര ഓപ്പറേഷൻ തിയറ്റർ സ്ഥാപിച്ചു.
- രോഗി പരിചാരകർക്ക് മരുന്ന് തേടി നടക്കേണ്ട സാഹചര്യം ഒഴിവാക്കുന്നതിന് ബെഡ് സൈഡിൽ തന്നെ മരുന്ന് എത്തിക്കുന്നതിനായി ഒരു ഫാർമസിസ്റ്റ് 2 അറ്റൻഡർ എന്നിവരെ നിയമിച്ച് കാസ്പ് ഫാർമസി ആരംഭിച്ചു.
- 10 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ പുതുതായി നിയമിച്ച് കാസ്പ് ഓഫീസ് സ്ഥാപിച്ചു.
- നഴ്സുമാരുടെ ജോലി ഭാരം കുറയ്ക്കുന്നതിനായി രോഗികളുടെ രക്ത സാമ്പിളുകൾ ശേഖരിക്കുന്നതിന് അഞ്ച് ഫ്ളെബോട്ടമിസ്മികളെ ചുമതലപ്പെടുത്തി.
- 5 കോടി രൂപ ചെലവിൽ ആശുപത്രി ബ്ലോക്കുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന റാമ്പിന്റെ പണി 70%-ഓളം പൂർത്തിയായി.

- സ്ക്രാപ്പ് ഐറ്റംസ് തരംതിരിക്കുന്നതിന് മെയീരിയൽ കളക്ഷൻ ഫെസിലിറ്റി ആരംഭിച്ചു.
- കാസ്പ് പദ്ധതി പ്രകാരം സ്റ്റാഫ് നഴ്സ് (1), ഡാറ്റാ എൻട്രി ഓപ്പറേറ്റർ(10), ലാബ് ടെക്നീഷ്യൻ (13), റേഡിയോ ഗ്രാഫർ (3), ഇ.സി.ജി ടെക്നീഷ്യൻ (3), ഫാർമസിസ്റ്റ് (1),അറ്റൻഡർ (2) എന്നിങ്ങനെ 33 ജീവനക്കാരെ നിയമിച്ചു.

## സർക്കാർ മെഡിക്കൽ കോളേജ്, കണ്ണൂർ

- കണ്ണൂർ ഗവ. മെഡിക്കൽ കോളേജിന്റെ അടിസ്ഥാന വികസനത്തിനായി കിഫ്ബി ഫണ്ടിൽ നിന്നും 124.95 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

| | |
|---|---|
| മെയിന്റനൻസ് ഫേസ് - I | 29.78 കോടി |
| ട്രോമകെയർ ഫേസ് - I | 57.69 കോടി |
| ട്രോമകെയർ ഫേസ് - II | 37.48 കോടി |

- പരിയാരം മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തതിനാൽ നിലവിലുള്ള ജീവനക്കാരുടെ ആഗിരണ പ്രക്രിയ പൂർത്തിയാക്കുന്നതിനായി 147 ഡോക്ടർമാർ, 521 നഴ്സിങ്ങ് ജീവനക്കാർ എന്നീ തസ്തികകളും നഴ്സിങ്ങ് കോളേജ്, ഫാർമസി കോളേജ്, പാരാമെഡിക്കൽ ജീവന ക്കാർ, മിനിസ്റ്റീരിയൽ ജീവനക്കാർ, എഞ്ചിനീയറിങ്ങ് ജീവനക്കാർ എന്നിവരെ ആഗിരണം ചെയ്യുന്നതിനായി 772 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. ഡോക്ടർമാരുടേയും നഴ്സിങ്ങ് സ്റ്റാഫിന്റേയും ആഗിരണ പ്രക്രിയ പൂർത്തീകരിച്ചു. നഴ്സിങ്ങ് സ്റ്റാഫിന് നിയമന ഉത്തരവ് നൽകി. ഡോക്ടർമാരുടെ ആഗിരണ പ്രക്രിയ പൂർത്തീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. 772 തസ്തികകളുടെ വർഗ്ഗീകരണം പൂർത്തിയായിട്ടില്ല. കൂടാതെ ആശുപത്രിയിൽ രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ നൽകുന്നതിനായി 100 ഡോക്ടർമാരുടെ അധിക തസ്തിക കൂടി സൃഷ്ടി ച്ചിട്ടുണ്ട്.
- 2021 - 22 ൽ പ്ലാൻ ഫണ്ടിൽ നിന്നും 10,69,85,000 രൂപയുടെ യന്ത്രോപകരണങ്ങൾ (ഡിജിറ്റൽ റേഡിയോഗ്രഫി, ഐ.എ.ബി.പി. മെഷീൻ, ഹാർട്ട് ലങ്ങ് മെഷീൻ, കാത്ത് ലാബ്, അനസ്തേഷ്യ വർക്ക് സ്റ്റേഷൻ, വെന്റിലേറ്റർ, തുടങ്ങിയവ) വാങ്ങി ഉപയോഗിക്കുന്നുണ്ട്.
- ക്യാൻസർ ചികിത്സക്കായി 2,50,000/- രൂപ ചെലവിൽ ബ്രാക്കിതെറാപ്പി മെഷീൻ വാങ്ങുന്നതിന് ഫണ്ട് നൽകിയിട്ടുണ്ട്.
- പ്ലാൻ ഫണ്ടിൽ അനുവദിച്ച 19904000 രൂപ ഉപയോഗിച്ച് വിവിധ ചെറുകിട ഉപകരണങ്ങൾ വാങ്ങി ആശുപത്രി പ്രവർത്തനം സുഗമമായി നടത്തി വരുന്നു.
- 2022 - 23 ൽ യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനായി പ്ലാൻ ഫണ്ടിൽ നിന്നും 9,90,55,000 രൂപ യും മറ്റ് ഉപകരണങ്ങൾ വാങ്ങുന്നതിനായി 4,11,37,000 രൂപയുടേയും ഭരണാനുമതി ലഭി ക്കുകയും ഈ ഉപകരണങ്ങൾ വാങ്ങാനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

- കണ്ണൂർ ഗവ. മെഡിക്കൽ കോളേജിന്റെ ജല സംസ്കരണ ശാലയുടെ അറ്റകുറ്റപണിക്ക് പ്ലാൻ ഫണ്ടിൽ 90 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും കേരള ഗവ. അക്രഡിറ്റഡ് ഏജൻസി യായ IRTC യുമായി കരാറിൽ ഒപ്പ് വെക്കുകയും ചെയ്തു.
- Registration cum waiting area നിർമ്മാണത്തിനായി (Creation of Patient Friendly Hospital Environment - DME) പ്ലാൻ ഫണ്ടിൽ നിന്നും 1 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും പൊതുമരാമത്ത് വകുപ്പിലേക്ക് തുക കൈമാറുകയും ചെയ്തു. ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ചു. ആർക്കിടെക്ചറൽ ഡ്രോയിങ്ങ്സ് അന്തിമമാക്കുന്ന നടപടികൾ നടന്നു വരുന്നു.
- ലേഡീസ് ഹോസ്റ്റൽ, മെൻസ് ഹോസ്റ്റൽ, ഡി ടൈപ്പ് ക്വാർട്ടേഴ്സ് എന്നിവയുടെ അറ്റകുറ്റ പണികൾക്കായി പ്ലാൻ ഫണ്ടിൽ നിന്നും 20601000 രൂപയുടെ ഭരണാനുമതി ലഭിക്കുകയും പൊതുമരാമത്ത് വകുപ്പിലേക്ക് തുക കൈമാറുകയും ചെയ്തു. ടെൻഡർ നടപടികൾ പൂർത്തിയാക്കി കരാറിലൊപ്പു വെക്കുന്ന നടപടികൾ നടന്നു വരുന്നു.
- 2021 — 22 ൽ ആശുപത്രിയിൽ ലിഫ്റ്റ് (15 യാത്രക്കാർ) നിർമ്മാണത്തിനായി Ensuring Disabled & Elderly Friendly Environment in Medical Colleges എന്ന പ്ലാൻ ഫണ്ടിൽ നിന്നും 30 ലക്ഷം രൂപ യുടെ ഭരണാനുമതി പൊതുമരാമത്ത് വകുപ്പിന് ലഭിച്ചിട്ടുണ്ട്.
- 2022 - 23 ൽ Ensuring Disabled & Elderly Friendly Environment in Medical Colleges എന്ന പ്ലാൻ ഫ ണ്ടിൽ നിന്നും വിവിധ ജോലികൾക്കായി 40 ലക്ഷം രൂപയുടെ ഭരണാനുമതി പൊതുമരാമത്ത് വകുപ്പിന് ലഭിച്ചിട്ടുണ്ട്. രണ്ട് റാമ്പിന്റെ പ്രവൃത്തിയായി.
- പാരാമെഡിക്കൽ ഹോസ്റ്റൽ, നിർമ്മാണത്തിനായി പ്ലാൻ ഫണ്ടിൽ നിന്നും 2021-22 ൽ 22.71 കോടി രൂപയുടെ സമഗ്രമായ ഭരണാനുമതിയും 3 കോടി രൂപയുടെ ഭരണാനുമതിയും ലഭിച്ചി രുന്നു. ആർക്കിടെക്ചറൽ ഡ്രോയിങ്ങ്സ് അന്തിമമാക്കുന്ന നടപടികൾ നടന്നു വരുന്നു.
- ഫാർമസി കോളേജിൽ അഡീഷണൽ ക്ലാസ്സ് റൂം നിർമ്മാണത്തിനായി മൈനർ വർക്ക് എന്ന പ്ലാൻ ശീർഷകത്തിൽ 1 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. പ്രസ്തുത തുക പൊതുമരാ മത്ത് വകുപ്പിന് നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല. ടെക്നിക്കൽ അനുമതിക്കു വേണ്ടി കാത്തിരിക്കുകയാണ്.
- Standardisation of facilities in Maternal and Child Health Units in Medical College Hospital എന്ന പ്ലാൻ ശീർഷകത്തിൽ 1 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. ഈ ഉപകരണങ്ങൾ വാങ്ങാനുള്ള നടപടികൾ പുരോഗമിക്കുന്നു.
- ഈ-ഹെൽത്ത് പ്രൊജക്ട് പ്രവർത്തികൾ ഈ സ്ഥാപനത്തിൽ പുരോഗമിച്ചു വരികയാണ്. മാർച്ച് മാസത്തോടെ പൂർത്തീകരിക്കാൻ സാധിക്കും.
- HDS ഫണ്ട് ഉപയോഗിച്ച് ഫാർമസിയുടെ നവീകരണ പ്രവൃത്തിയും മരുന്ന് സംഭരണ ശാല യുടെ പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്.
  കണ്ണൂർ ഗവ. മെഡിക്കൽ കോളേജിൽ പുതുതായി പ്ലാസ്റ്റിക്ക് സർജറി വിഭാഗം ആരംഭിച്ചു.

## സർക്കാർ മെഡിക്കൽ കോളേജ്, കോന്നി

• ഈ സ്ഥാപനത്തിൽ 2022-23 അദ്ധ്യന വർഷത്തിൽ 100 എം.ബി.ബി.എസ് സീറ്റുകൾ അനുവദിക്കുകയും അഡ്മിഷന് ആരംഭിക്കുകയും ചെയ്തു.

• 100 എം.ബി.ബി.എസ് സീറ്റുകൾക്ക് അംഗീകാരം ലഭിച്ചു.

•ആശുപത്രിയുടെ സുഗമമായ നടത്തിപ്പിന് ആശുപത്രി വികസന സമിതി (HDS) രൂപീകരിക്കുന്നതിന് അനുമതി നൽകി, ആയത് രജിസ്ട്രേഷൻ നടത്തുകയും സമിതി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

•ബുക്കുകൾ, ക്ലാസ് റൂം, ലേബർ റൂം, ബ്ലഡ് ബാങ്ക്, മെഡിക്കൽ ഉപകരണങ്ങൾ, ഫർണിച്ചറുകള്, മെഡിക്കൽ ഗ്യാസ് പൈപ്പ് ലൈന്, ലാബ് ഉപകരണങ്ങൾ മുതലായവ ഒരുക്കുന്നതിന് 18.72 കോടി രൂപ കിഫ്ബിയിൽ നിന്നും പ്രത്യേകമായി ലഭ്യമാക്കി ഇവ സജ്ജീകരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ച് വരുന്നു.

•മെഡിക്കൽ കോളേജിൽ ഒ.പിയും ഐ.പിയും ആരംഭിച്ചു.

•01.11.2021 മുതൽ മെഡിക്കൽ കോളേജിൽ അത്യാഹിത വിഭാഗം പ്രവർത്തനം ആരംഭിച്ചു.

•ഇന്റേണൽ റോഡ്, ഫയർ വാട്ടർ സമ്പ്, എസ്.റ്റി.പി, എൻട്രൻസ് ഗേറ്റ് മുതലായവ നിർമ്മിക്കുന്നതിന് 15,50,76,322/- രൂപയുടെ ഭരണാനുമതി നൽകി തുടർ നടപടികൾ സ്വീകരിച്ച് വരുന്നു.

•അത്യാഹിത വിഭാഗത്തിന്റെ ഭാഗമായി മൈനർ ഓപ്പറേഷൻ തിയേറ്റർ സംവിധാനം ഒരുക്കി.

•2022 ഫെബ്രുവരി മാസം 30 ബെഡ്ഡിനുള്ള ഓക്സിജൻ സംവിധാനം കാഷ്വാലിറ്റിയിൽ ലഭ്യമാക്കി.

•24 മണിക്കൂറും പ്രവർത്തിക്കുന്ന ലാബ് സൗകര്യം ഒരുക്കി.

•24 മണിക്കൂറും പ്രവർത്തിക്കുന്ന ഫാർമസി സൗകര്യം ഒരുക്കി.

•അത്യാഹിത വിഭാഗത്തിൽ നിലവിലുള്ളതിനേക്കാള് അധികമായി 16 ലക്ഷം രൂപയുടെ ഫർണിച്ചറുകളും ലഭ്യമാക്കി.

•ഓക്സിജൻ പ്ലാന്റിന്റെ നിർമ്മാണം പൂർത്തീകരിച്ച് ഉപയോഗപ്രദമാക്കി.

•5 കോടി രൂപ മുതൽ മുടക്കി റേഡിയോഡയഗ്നോസിസ് വിഭാഗത്തിൽ ജില്ലയിൽ സർക്കാർ മേഖലയിലെ ആദ്യത്തെ 128 സ്ലൈഡ് സി റ്റി സ്കാന് സ്ഥാപിക്കാൻ അനുമതി നൽകി.

•അൾട്രാ സൗണ്ട് സ്കാൻ 07.10.2021 മുതൽ ആരംഭിച്ചു.

•മോഡുലാർ ഓപ്പറേഷൻ തിയേറ്ററുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകി 70 ലക്ഷം രൂപ അനുവദിച്ചു.

•ആധുനിക രീതിയുലുള്ള ലേബർ റൂം നിർമ്മിക്കുന്നതിന് 3.5 കോടി രൂപയുടെ ലക്ഷ്യ പദ്ധതിക്ക് അനുമതി ലഭ്യമാക്കി.

•കാരുണ്യ മെഡിക്കൽ സ്റ്റോർ ആരംഭിച്ചു.

•ബ്ലഡ് സ്റ്റോറേജ് യൂണിറ്റ് സ്ഥാപിച്ചു.

• 10 നിലകളുള്ള ക്വാർട്ടേഴ്സിന്റെ നിർമ്മാണം ആരംഭിച്ചു.

• ബോയ്സ് ഹോസ്റ്റിലിന്റെയും ലേഡീസ് ഹോസ്റ്റലിന്റെയും നിർമ്മാണം ആരംഭിച്ചു.

•7 ലക്ഷം രൂപ ചെലവഴിച്ച് ഒഫ്താൽമോളജി വിഭാഗത്തിൽ ഇലക്ട്രോ ഹൈഡ്രോളിക് ഓപ്പറേറ്റിംഗ് ടേബിൾ സ്ഥാപിക്കാന് അനുമതി നൽകി.

• 12.98 ലക്ഷം രൂപ ചെലവഴിച്ച് ഓപ്പറേറ്റിംഗ് മൈക്രോസ്കോപ്പ് വിത്ത് ഒബ്സർവൻസ് ക്യാമറ ആന്റ് വീഡിയോ സ്ഥാപിക്കാൻ അനുമതി നൽകി.

•ഫാകോ മെഷീൻ, സെന്റുർ കോന് എന്നിവക്ക് 24.78 ലക്ഷം രൂപയുടെ അനുമതി നൽകി.

•ജനറൽ സർജറി വിഭാഗത്തിൽ എച്ച്.ഡി ലാപ്രോസ്കോപ്പിക് സിസ്റ്റം 63.84 ലക്ഷം രൂപ, ലാപ്രോസ്കോപ്പിക് ഹാൻഡ് ആക്സസ്സറീസ് 16 ലക്ഷം രൂപ, എന്നിവയ്ക്കും അനുമതി നൽകി.

•ഓർത്തോപീഡിക്സ് വിഭാഗത്തില് സി.ആം ഇമേജ് ഇന്റൻസിഫയർ 38.65 ലക്ഷം രൂപ ചെലവിൽ സ്ഥാപിക്കുന്നതിനും അനുമതി നൽകി.

•നാഷണൽ മെഡിക്കല് കമ്മീഷന്റെ അനുമതി ലഭ്യമാക്കുന്നതിന് ആവശ്യമായ അദ്ധ്യാപക അനദ്ധ്യാപക ജിവനക്കാരെ നിയമിച്ചു.

•ഒന്നാം വർഷ ക്ലാസ്സുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് പൂർത്തിയാക്കിയ അക്കാദമിക് ബ്ലോക്കില് ഗ്രൗണ്ട് ഫ്ലോറില് അനാട്ടമി വിഭാഗം ലാബ്, അനാട്ടമി മ്യൂസിയം, ലൈബ്രറി, ലക്ചർ തിയേറ്റർമുതലായവ സജ്ജീകരിച്ചു.

•ടി കെട്ടിടത്തിന്റെ ഒന്നാം നിലയിൽ ഫാർമക്കോളജി വിഭാഗം ലാബ്, ബയോകെമിസ്ട്രി വിഭാഗം ലാബ് മുതലായവ സജ്ജീകരിച്ചു.

•ടി കെട്ടിടത്തിന്റെ രണ്ടാം നിലയില് ഫിസിയോളജി ലാബ്, പ്രിൻസിപ്പാളിന്റെ കാര്യാലയം, പരീക്ഷ ഹാൾ, ലക്ചർ ഹാൾ മുതലയവ സജ്ജീകരിച്ചു.

•ടി കെട്ടിടത്തിന്റെ മൂന്നാം നിലയിൽ പത്തോളജി വിഭാഗം ലാബ് മൈക്രോബയോളജി ലക്ചർ ഹാൾ മുർലായവ സജ്ജീകരിച്ചു.

•മേൽപ്പറഞ്ഞ വിഭാഗങ്ങൾക്ക് പ്രവർത്തിക്കാൻ ആവശ്യമായ ഫർണീച്ചറുകൾ, ലൈബ്രറിക്ക് ആവശ്യമായ ബുക്കുകൾ, സ്പെസിമിനുകൾ, വിദ്യാർത്ഥികളുടെ പഠനത്തിന് ആവശ്യമായ ചാർട്ടുകൾ, അനാട്ടമി വിഭാഗത്തിന് മൃതദേഹം സൂക്ഷിക്കുവാനുള്ള ടാങ്ക്, പഠനത്തിന് ആവശ്യമായ ബോൺ സെറ്റ്, സ്കെൽട്ടനുകൾ, ലാബിന്റെ

പ്രവർത്തനത്തിന് ആവശ്യമായ റീയേജന്റുകൾ മുതലായവ പൂർണ്ണമായും സജ്ജമാക്കി.

•2021 സെപ്റ്റംബറിൽ ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയുടെ അംഗീകാരം ലഭ്യമാക്കി.

• ആശുപത്രിയിലേക്ക് മോഡുലാർ ഓപ്പറേഷൻ തിയേറ്ററിന് 70 ലക്ഷം രൂപയും അനസ്തേഷ്യ വർക്ക് സ്റ്റേഷന് സ്ഥാപിക്കുന്നതിന് 13 ലക്ഷം രൂപയും ബുക്സ് & ജേണൽസിന് 35 ലക്ഷം രൂപയും ഫർണിച്ചറുകള് വാങ്ങുന്നതിന് 32,85,726/- രൂപയും ഉപകരണങ്ങൾ വാങ്ങുന്നതിന് 2,08,00,000/- രൂപ അനുവദിച്ചു. ഇതിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

•Phase I അഡീഷണൽ 15.5 കോടി അനുവദിച്ചിട്ടുണ്ട്.

•4,95,16,000/- രൂപ മുടക്കി സി.റ്റി. സ്കാൻ മെഷീന് ഇൻസ്റ്റാൾ ചെയ്ത് AERB അംഗീകാരത്തിനായി കാത്തിരിക്കുന്നു.

<u>സർക്കാർ മെഡിക്കൽ കോളേജ്, വയനാട്</u>

- ബജറ്റിൽ പ്രഖ്യാപിച്ച കിഫ്ബി ഫണ്ട് ഉപയോഗിച്ച് വയനാട് സർക്കാർ മെഡിക്കൽ കോളേജ് പദ്ധതി വികസനത്തിനായി M/s WAPCOS നെ Special Purpose Vehicle (SPV) ആയി നിയമിച്ച് ഉത്തരവായി.
- സ.ഉ(കൈ)നം32/2021/ആ.കു.വ തീയതി 12/02/2021 പ്രകാരം വയനാട് സർക്കാർ മെഡിക്കൽ കോളേജ് ആരംഭിച്ചു.
- സ.ഉ(കൈ)നം 45/2021/ആ.കു.വ തീയതി 19/02/2021 പ്രകാരം വയനാട് സർക്കാർ മെഡിക്കൽ കോളേജിൽ 140 തസ്തികകൾ സൃഷ്ടിച്ചു.

- ആശുപത്രിയിൽ നബാർഡ് ധനസഹായത്തോടെ നിർമ്മാണ പ്രവർത്തികൾ ഏകദേശം പൂർത്തിയായിരിക്കുന്ന 7 നില കെട്ടിടം അക്കാഡമിക് ബ്ലോക്ക് ആരംഭിക്കുന്നതിനായി അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു,
- വയനാട് സർക്കാർ മെഡിക്കൽ കോളേജിൽ MBBS അഡ്മിഷൻ ആരംഭിക്കുന്നതിന് KUHS അഫിലിയേഷൻ ലഭിച്ചു.
- വിദ്യാർത്ഥി പ്രവേശനത്തിനായി NMC അംഗീകാരം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ച് NMC പരിശോധന പ്രതീക്ഷിച്ചിരിക്കുകയാണ്.

1. 2022-23 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുക

a. പ്ലാൻ ഫണ്ട്

അനുവദിച്ച (AS) തുക = 3,65,16,797/-

ലഭ്യമായ തുക = 12,692,130

ചെലവഴിച്ച തുക = 62,89,482/-

ബാക്കി തുക = 64,02,648

b. നോൺ പ്ലാൻ

ലഭ്യമായ തുക = 23,50,285/-

ചെലവഴിച്ച തുക = 23,02,539/-

ബാക്കി തുക = 47,746

**സർക്കാർ മെഡിക്കൽ കോളേജ് ഇടുക്കി**

- നിലവിലുണ്ടായിരുന്ന ഇടുക്കി ജില്ലാ ആശുപത്രിയും ഉപകരണങ്ങളും മെഡിക്കൽ കോളേജിലേക്ക് കൂട്ടിച്ചേർത്തു ഇടുക്കി മെഡിക്കൽ കോളേജ് പ്രവർത്തനം ആരംഭിച്ചു.
- ഭരണാനുമതി ലഭിച്ച പദ്ധതികളുടെ വിശദാംശങ്ങൾ

അക്കാഡമിക് ബ്ലോക്ക് നിർമ്മാണം - 10 കോടി

ആശുപത്രി സമുച്ചയം നിർമ്മാണം - 60 കോടി

റെസിഡൻഷ്യൽ ഫെസിലിറ്റി - 92 കോടി

റോഡ് റീറ്റെയ്നിങ് വാൾ - 18 കോടി

- നിലവിൽ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു കഴിഞ്ഞു.
- രണ്ടാം ഘട്ടത്തിലെ ആശുപത്രി സമൂച്ചയത്തിൻറെ നിർമ്മാണ പ്രവർത്തനങ്ങൾ 80% പൂർത്തീകരിച്ചു.
- പുതിയ അക്കാഡമിക് ബ്ലോക്ക് പണിയുന്നതിലേക്കും മറ്റ് സൌകര്യങ്ങൾ ഒരുക്കുന്നതിലേയ്ക്കുമായി 50 ഏക്കറിനടുത്തു സ്ഥലം നിലവിലെ മെഡിക്കൽ കോളേജ് ആശുപത്രി കെട്ടിടത്തിനെതിരെ റോഡിന് എതിർവശം വാഴത്തോപ്പ് ജില്ലാ പഞ്ചായത്ത് അനുവദിച്ചിട്ടുണ്ട്.
- ഇടുക്കി മെഡിക്കൽ കോളേജ് അക്കാഡമിക് ബ്ലോക്ക് നിർമ്മാണം പൂർത്തീകരിച്ച് കമ്മ്യൂണിറ്റി മെഡിസിൻ, പത്തോളജി,

മൈക്രോബയോളജി, ഫോറൻസിക് മെഡിസിൻ എന്നീ ഡിപ്പാർട്ടുമെൻ്റുകൾ പ്രവർത്തിച്ചു വരുന്നു.

- 2022-23 അക്കാദമിക് വർഷം 100 MBBS സീറ്റിലേക്കുള്ള പ്രവേശനത്തിന് നാഷണൽ മെഡിക്കൽ കമ്മീഷൻറെ അംഗീകാരം ഇടുക്കി മെഡിക്കൽ കോളേജിന് ലഭിച്ചിട്ടുണ്ട്.
- അനുമതി ലഭിച്ച MBBS സീറ്റുകളിലേക്കുള്ള പ്രവേശനം ഒക്ടോബർ - 22 തുടങ്ങി 100 കുട്ടികൾക്ക് പ്രവേശനം നൽകി.
- വിദ്യാർത്ഥികളുടെ താമസത്തിനായുള്ള ഹോസ്റ്റലുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ നിലവിൽ PWD മെഡിക്കൽ കോളേജിന് കൈമാറിയിട്ടുള്ള ക്വാർട്ടേഴ്സുകളിൽ ആൺകുട്ടികൾക്കുള്ള താമസസൌകര്യം ഏർപ്പെടുത്തി.
- പെൺകുട്ടികളുടെ താമസത്തിനു വേണ്ടി വിമൻസ് കൌൺസിലിന് കീഴിൽ പ്രവർത്തിക്കുന്ന പൈനാവിലുള്ള ഗിരിറാണി വർക്കിങ് വിമൻസ് ഹോസ്റ്റലിൽ സൌകര്യം ഏർപ്പെടുത്തി.
- റെസിഡൻഷ്യൽ ഫെസിലിറ്റി നിർമ്മാണം സിവിൽ വർക്കുകൾ 90% പൂർത്തീകരിച്ചു കഴിഞ്ഞു.
- ഇലക്ട്രിക്കൽ, ELV വർക്കുകൾക്കുള്ള ടെൻഡർ നടപടികൾ പൂർത്തീകരിച്ച് വർക്ക് ഓർഡർ നൽകി കഴിഞ്ഞു.

- റോഡ് & റീറ്റെയ്നിങ് വാൾ എന്നിവയ്ക്കുള്ള 18 കോടിയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്.
- പഠനോപകരണങ്ങൾ, ലാബ്, ഡിസക്ഷൻ ഹാൾ, ലെക്ചർ ഹാൾ, സൌകര്യങ്ങൾ ഇടുക്കി മെഡിക്കൽ കോളേജിൽ സജ്ജീകരിച്ചിട്ടുണ്ട്.
- പത്തോളജി, മൈക്രോബയോളജി, ഫാർമക്കോളജി, കമ്യൂണിറ്റി മെഡിസിൻ എന്നീ ഡിപ്പാർട്ടുമെൻറിലേക്കുള്ള ലാബ് സൌകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**<u>സർക്കാർ മെഡിക്കൽ കോളേജ്, കോഴിക്കോട്</u>**

- കോഴിക്കോട് മെഡിക്കൽ കോളേജിന് അനുവദിച്ച പി.എം. എസ്.എ.സ്.വൈ പ്രോജക്ടിന് വേണ്ടി കേന്ദ്ര വിഹിതമായി 120 കോടിയും സംസ്ഥാന വിഹിതമായി 75.93 കോടി രൂപയും അനുവദിച്ച് പൂർത്തീകരിച്ച സർജിക്കൽ സൂപ്പർ സ്പെഷ്യലിറ്റി ബ്ലോക്ക് ഉദ്ഘാടനത്തിനായി സജ്ജമായിട്ടുണ്ട്.
- പുതിയ ഒപി ആൻഡ് ഡയഗ്നോസ്റ്റിക് ബ്ലോക്ക് നിർമ്മാണത്തിന് കിഫ്ബി സഹായത്തോടെ 187.5 കോടി രൂപയുടെ ഭരണാനുമതി നൽകി M/s HITES നെ നിർവഹണ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുണ്ട്.
- ആർദ്രം പദ്ധതിക്ക് കീഴിൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ ഒ.പി,ഡി ട്രാൻസ്ഫോർമേഷൻ നടപ്പിലാക്കുന്നതിന് 7.15 കോടി രൂപയ്ക്ക് സർക്കാർ ഭരണാനുമതി നൽകി, കൂടാതെ പദ്ധതി പൂർത്തിയാക്കുന്നതിന് എൻഎംസിഎച്ചിന്റെ ആർഎസ്ബിവൈ ഫണ്ടിൽ നിന്ന് 1.73 കോടി രൂപ കൈമാറി.
- ആരോഗ്യമേഖലയിൽ സമഗ്രവികസനം ലക്ഷ്യമാക്കി ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്താൽ രോഗികളുടെ രോഗ

വിവരങ്ങൾ ക്രോഡീകരിക്കുന്നതിനും എളുപ്പത്തിലും ചെലവ് കുറഞ്ഞതുമായ ചികിത്സ ലഭ്യമാക്കുന്നതിനുമായി പദ്ധതിയായ ഇ-ഹെൽത്ത് പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കാനുള്ള നടപടികൾ കോഴിക്കോട് മെഡിക്കൽ കോളേജിൽ പുരോഗമിച്ചു വരുന്നു

- ലെവൽ-1 ട്രോമ കെയർ സെന്ററർ നിർമ്മിക്കുന്നതിന് 8 കോടി രൂപയ്ക്ക് സർക്കാർ ഭരണാനുമതി നൽകി, 7,98,91,000/-. അനുവദിച്ചിട്ടുണ്ട്. രണ്ടാം ഘട്ടമായി 2022-23 വർഷത്തിൽ 3 കോടിയുടെ ഭരണാനുമതിയും ലഭിച്ചിട്ടുണ്ട്.
- 9,94,00,000/- രൂപയ്ക്ക് പെറ്റ് .സി.ടി. സ്കാനർ സ്ഥാപിച്ചു.
- എം.സി.എച്ച്,സൂപ്പർ സ്പെഷ്യലിറ്റി ആശുപത്രി, പി.എം.എസ്.എസ്.വൈ സർജിക്കൽ സൂപ്പർ സ്പെഷ്യലിറ്റി ആശുപത്രി എന്നീ ആശുപത്രികളെ ബന്ധിപ്പിച്ചു കൊണ്ട് ,ആകാശപാത രണ്ട് കോടി രൂപയ്ക്ക് നിർമ്മാണം പൂർത്തീകരിച്ചു.
- നിലവിലുള്ള ഡ്രഗ് സ്റ്റോർ ആധുനിക വൽക്കരിക്കുന്നതിന്റെ ഭാഗമായി ആധുനിക ഡ്രഗ് സ്റ്റോർ നിർമാണത്തിന് 4 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. PWD നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്.
- കാൻസർ രോഗ ചികിത്സാ സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഓങ്കോളജി ആന്റ് ടെർഷ്യറി കെയർ സെന്ററിന്റെ രണ്ടാംഘട്ട നിർമ്മാണ ത്തിനായി 2 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച 5 പുതിയ വാർഡുകളുടെ പ്രവൃത്തികൾ അവസാന ഘട്ടത്തിൽ ആണ്.
- മാതൃശിശു സംരക്ഷണ കേന്ദ്രത്തിൽ എച്ച്.ഡി.എസിൽ നിന്നും 1,99,51,900/, രൂപ ചെലവഴിച്ച് 16 Slice CT Scan കൂടാതെ 50 ലക്ഷം രൂപ ചെലവഴിച്ച് ഒരു ആധുനിക സംവിധാനങ്ങളോടു കൂടിയ അൾട്രാ സൗണ്ട് മെഷീനും സ്ഥാപിച്ചിട്ടുണ്ട്.
- 12 കോടി രൂപ ചെവലിൽ റസിഡൻസ് ക്വാട്ടേഴ്സ് നിർമ്മാണം പൂർത്തീകരിച്ചു.
- 1.6 കോടി രൂപ ചെലവിട്ട് ഓർത്തോ ഐ.സി.യു. നിർമ്മാണം പൂർത്തീകരിച്ചു.

- 2022-23 സാമ്പത്തിക വർഷത്തിൽ 71,94,400/- രൂപ അനുവദിച്ച് ആരംഭിച്ച ക്രിട്ടിക്കൽ കെയർ യൂണിറ്റ്, നെഞ്ച് രോഗാശുപത്രിയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

## സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം

- 27.2 കോടി മുതൽ മുടക്കിൽ 7 നിലകളിലായി 6224 സ്ക്വയർ ഫീറ്റിൽ PWD പണികഴിപ്പിച്ച ഫാർമസി കോളേജിന്റെ ഉത്ഘാടനം നിർവ്വഹിച്ചു.
- 2021-22 സ്റ്റേറ്റ് പ്ലാൻ ഫണ്ടില് അനുവദിച്ച 63 ലക്ഷം രൂപയ്ക്ക് വാങ്ങിയ 4D എക്കോ മെഷീൻ, 37 ലക്ഷം രൂപക്ക് വാങ്ങിയ പോർട്ടബിൾ എക്കോ മെഷീന് എന്നിവ പ്രവർത്തന സജ്ജമായിരിക്കുന്നു.
- അഗ്നി ബാധയിൽനാശം സംഭവിച്ച മെറ്റീരിയൽ കളക്ഷന് ഫെസിലിറ്റി (MCF), 59.27 ലക്ഷം രൂപ മുടക്കി നിർമ്മിതി കേന്ദ്രം വഴി പുതുക്കി പണിത് പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. ആർപ്പൂക്കര പഞ്ചായത്ത് 10.15 ലക്ഷം രൂപ മുതൽ മുടക്കി പുതുതായി നിർമ്മിച്ച് നൽകിയ Aerobic Composting Unit, പുതുതായി 2.82 ലക്ഷം രൂപ മുതൽ മുടക്കി നവീകരിച്ച ബയോഗ്യാസ് പ്ലാന്റ് എന്നിവയും പ്രവർത്തനം ആരംഭിച്ചിരിക്കുന്നു.
- 16.27 ലക്ഷംരൂപ മുതൽ മുടക്കിൽ നവീകരിച്ച OP ഫാർമസി നിർമ്മാണം പൂർത്തിയായി പ്രവർത്തനം ആരംഭിച്ചു.
- ജില്ലാ നിർമ്മിതി കേന്ദ്രം 20.55 ലക്ഷം രൂപ മുതൽ മുടക്കിൽ നവീകരിക്കുന്ന KASP counter നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചു.
- Central warehousing Corporation 20 ലക്ഷം രൂപ മുതൽ മുടക്കിൽ ജനറൽ സർജറിയുടെ ഭാഗമായി ആരംഭിച്ച Laparoscopy unit ദിവസേനയുള്ള Laparoscopy surgery സാധ്യമാക്കാൻ സഹായിക്കുന്നു.
- അത്യാഹിത വിഭാഗത്തിലെ മോഡുലർ ഓപ്പറേഷൻ തീയേറ്റർ- 2.30 കോടി
- ഇന്റഗ്രേറ്റഡ് അനലൈസർ - 1 കോടി
- കെ എസ് എഫ് ഇ യുടെ സി എസ് ആർ ഫണ്ട് ഉപയോഗിച്ച് 32.31 ലക്ഷം രൂപ മുടക്കി ആംബുലൻസ് വാങ്ങിച്ചു.
- 40 ലക്ഷം രൂപ മുടക്കി 7,8 വാർഡുകൾ നവീകരിച്ചു.
- കുട്ടികളുടെ ആശുപത്രിയിൽ 1 കോടി രൂപ മുടക്കി ഓക്സിജൻ ജനറേറ്റർ സ്ഥാപിച്ചു.
- മെഡിക്കൽ കോളേജിൽ സബ്സ്റ്റേഷനും പുതുതായി 1 കോടി 5 ലക്ഷം രൂപ മുടക്കി 750കെ വി ജനറേറ്ററും സ്ഥാപിച്ചു.
- 24 ലക്ഷം രൂപ മുടക്കി നെഫ്രോളജി ലാബ് നിർമ്മിച്ചു.
- ഒരു കോടി രൂപ മുടക്കി ഇൻറഗ്രേറ്റഡ് അനലൈസർ സ്ഥാപിച്ചു.
- ആർദ്രം പദ്ധതിയുടെ ഭാഗമായി ഈ സ്ഥാപനം കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി. ഈ സ്ഥാപനത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുകയും ഫാർമസി ലാബ് എന്നിവ നവീകരിക്കുകയും ചെയ്തു. മരുന്നുകൾ ദീർഘകാലം കേടുകൂടാതെ സൂക്ഷിക്കുന്നതിനായി ഫർമസികളിൽ എയർകണ്ടീഷൻ പൂർത്തീകരിച്ചു.

### നിർമ്മാണം ആരംഭിക്കുന്ന പദ്ധതികൾ

- സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് - 276.95 കോടി
- ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫെക്ഷ്യസ് ഡിസീസസ് - 10.71 കോടി
- ഓഡിറ്റോറിയം കം ലക്ചർ ഹാൾ കോംപ്ലക്സ് - 5 കോടി

# മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജ്

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ചെലവ് | പൂർത്തീകരിച്ച വിവരങ്ങൾ |
|---|---|---|---|
| • | 2016-17<br>മെഡിക്കൽ കോളേജ് ആശുപത്രിയിലെ അത്യാഹിത വിഭാഗം, വാർഡുകൾ, എന്നിവ യുടെ നവീകരണ പ്രവർത്തികൾ | 23,50,000/- | പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം മുഖേന പൂർത്തീകരിച്ചു. |
| • | 2016-17<br>മെഡിക്കൽ കോളേജ് ആശുപത്രി യിലെ എ.&സി. ബ്ലോക്കുകളെ ബന്ധിപ്പിച്ച് റാംബ് നിർമ്മിക്കുന്നതിന് | 26,50,000/- | പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം മുഖേന പൂർത്തീകരിച്ചു. |
| • | 2016-17<br>മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയിലേക്കും വിവിധ വകുപ്പുകളിലേക്കും ഉപകരണങ്ങളും മറ്റു സാമഗ്രികളും വാങ്ങുന്നതിനായി | 1,31,00,000/- | വിവിധ വകുപ്പുകളിൽ സ്ഥാപിച്ചു ചികിത്സ നൽകി വരുന്നു. |
| • | 2017-18<br>മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിൽ 2017- 18 വർഷത്തെ മൈനർ വർക്സിൽ ഉൾപ്പെടുത്തി വിവിധ പ്രവൃത്തികൾ | 1,39,00,000/- | പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം മുഖേന പ്രവൃത്തികൾ പൂർത്തീകരിച്ചു. |
| • | 2017-18<br>മെഡിക്കൽ കോളേജ് ആശുപ ത്രിയെ രോഗീ സൗഹൃദമാക്കു ന്നതിന് | 1,00,00,000/- | പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം മുഖേന പൂർത്തീകരിച്ചു. |
| • | 2017-18<br>ഗവ: മെഡിക്കൽ കോളേജ് ആശുപത്രിയിലെ 'എ' ബ്ലോക്കിൽ രണ്ട് നിലകൾ പണി യുന്നതിന് | 1,80,00,000/- | പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം മുഖേന പ്രവൃത്തികൾ പൂർത്തീകരിച്ചു. |
| • | 2017-18<br>ഗവ: മെഡിക്കൽ കോളേജ് ആശുപത്രിയിലെ 'ബി' ബ്ലോക്കിലെ മാതൃ-ശിശു കെട്ടിട നിർമ്മാണത്തിന്റെ പുനരുദ്ധാ രണ പ്രവർത്തനങ്ങൾക്കായി | 40,00,000/- | പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം മുഖേന പൂർത്തീകരിച്ചു. |
| • | 2017-18<br>ആശുപത്രിയിലെ ഐ.സി.യു., എച്ച്. ഡി.യു., പി.ഐ.സി.യു. | 72,82,000/- | പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം മുഖേന പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു |

| | | | |
|---|---|---|---|
| | എന്നിവയിൽ കൂടുതൽ സൗകര്യ മൊരുക്കുന്നതിനായും മറ്റു മരാ മത്ത് പണികൾ ചെയ്യുന്നതിന് | | |
| | 2017-18<br>മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിൽ 9 നിലകളിലായി പുതിയ ഒ.പി. ബ്ലോക്ക് നിർമ്മാ ണത്തിനും, റേഡിയോളജി ഇൻവെസ്റ്റിഗേഷൻ ബ്ലോക്ക് നിർമ്മാണത്തിനും, ലാബ് കോംപ്ലക്സ്, മോർച്ചറി കോംപ്ലക്സ് എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾക്ക് | 8,60,00,000/- | പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം മുഖേനയുള്ള ടി പ്രവൃത്തി കളിൽ മോർച്ചറി കോംപ്ലക്സ് മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. |
| ● | 2017-18<br>ഗവ മെഡിക്കൽ കോളേജിൽ പുതിയ റെസിഡന്റ്സ് ക്വർട്ടേഴ്സ് നിർമ്മിക്കുന്നതിന് | 3,00,00,000/- | പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം മുഖേന പ്രവൃത്തികൾ നടന്നു വരുന്നു. |
| ● | 2017-18<br>ഗവ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ആർദ്രം പദ്ധതി യുടെ ഭാഗമായി ഒ.പി.ഡി. ട്രാൻസ്ഫർമേഷൻ പദ്ധതി യുടെ പ്രവൃത്തികൾക്ക് | 2,85,00,000/- | ബന്ധപ്പെട്ട പ്രവൃത്തികൾ പൂർത്തീകരിച്ചു. |
| ● | 2017-18<br>മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയിലേക്കും വിവിധ വകുപ്പുകളിലേക്കും ഉപകരണങ്ങളും മറ്റു സാമഗ്രികളും വാങ്ങുന്നതിനായി | 2,66,97,561/- | വിവിധ വകുപ്പുകളിൽ സ്ഥാപിച്ചു ചികിത്സ നൽകി വരുന്നു. |
| ● | 2018-19<br>ഗവ മെഡിക്കൽ കോളേജിൽ ആധുനിക ഇമേജിംഗ് സൗകര്യ ങ്ങളുടെ വിപുലീകരണത്തിന് | 2,70,00,000/- | ആയതിൽ 160 ലക്ഷം രൂപ ചിലവിൽ പുതിയ സി.ടി. ഉപക രണങ്ങളും അനുബന്ധ സാമ ഗ്രികളും സ്ഥാപിച്ചു പ്രവർത്തിച്ചുവരുന്നു. 110 ലക്ഷം രൂപയുടെ നിർമ്മാണ പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് മുഖേന നടന്നു വരുന്നു. |
| ● | 2018-19<br>ഗവ മെഡിക്കൽ കോളേജിൽ പുതിയ സ്റ്റോർ കോംപ്ലക്സ് നിർമ്മിക്കുന്നതിനാണ് | 2,50,00,000/- | പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം മുഖേന പ്രാരംഭ പ്രവൃത്തികൾ ആരംഭിച്ചു വരുന്നു. |
| ● | 2018-19<br>ഗവ മെഡിക്കൽ കോളേജ് | 1,00,00,000/- | പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിഭാഗം മുഖേന |

| | | | |
|---|---|---|---|
| | ആശുപത്രിയിൽ ഫയർ & സേഫ്റ്റി സംവിധാനം നടപ്പിലാക്കുന്നതിന് | | പൂർത്തീകരിച്ചു. |
| • | 2018-19<br>ഗവ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ആശുപത്രിയിലെ അത്യാഹിത വിഭാഗവും, വാർഡുകളും വികസിപ്പിക്കുന്നതിന് | 99,93,000/- | 65 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം മുഖേന നടന്നുവരുന്നു. അത്യാഹിത വിഭാഗത്തിലേക്ക് 34.93 ലക്ഷം രൂപക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങി രോഗികൾക്ക് ചികിത്സക്കായി ഉപയോഗിച്ചുവരുന്നു. |
| • | 2018-19<br>മഞ്ചേരി ഗവ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഭിന്നശേഷി വയോജന സൗഹൃദ പരിതസ്ഥിതിഉറപ്പാക്കുന്നതിനായി 2018-19 പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി വിവിധ പ്രവൃത്തികൾ ചെയ്യുന്നതിന് | 50,00,000/- | പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം മുഖേന പ്രവൃത്തികൾ പൂർത്തീകരിച്ചു. |
| • | 2018-19<br>മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയിലേക്കും വിവിധ വകുപ്പുകളിലേക്കും ഉപകരണങ്ങളും മറ്റു സാമഗ്രികളും വാങ്ങുന്നതിനായി | 11,60,00,000/- | വിവിധ വകുപ്പുകളിൽ സ്ഥാപിച്ചു ചികിത്സ നൽകി വരുന്നു. |
| • | 2019-20<br>ഗവ. മെഡിക്കൽ കോളേജിൽ 2019 - 20 സാമ്പത്തിക വർഷത്തിൽ അറ്റകുറ്റപണികൾക്കും, വിവിധ നിർമ്മാണ പ്രവൃത്തികൾക്കുമായി | 1,65,00,000/- | പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം മുഖേന പ്രാരംഭ പ്രവൃത്തികൾ നടന്നു വരുന്നു. |
| • | 2019-20<br>ഗവ. മെഡിക്കൽ കോളേജിൽ മാലിന്യ സംസ്കരണ സൗകര്യങ്ങൾ ഒരുക്കുന്നതിനായി | 20,00,000/- | പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം മുഖേന പ്രാരംഭ പ്രവൃത്തികൾ ആരംഭിച്ചു വരുന്നു. |
| • | 2019-20<br>ഗവ മെഡിക്കൽ കോളേജ് ആശുപത്രിയിൽ മാതൃ - ശിശു സംരക്ഷണ യൂണിറ്റിൽ സൗകര്യം ഒരുക്കുന്നതിനായി | 1,20,00,000/- | പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന് തുക കൈമാറി പ്രവൃത്തികൾ നടന്നു വരുന്നു |
| • | 2019-20<br>മഞ്ചേരി ഗവ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഭിന്നശേഷി വയോജന സൗഹൃദ പരിതസ്ഥിതിഉറപ്പാക്കുന്നതിനായി | 30,00,000/- | പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം മുഖേന പ്രവൃത്തികൾ ആരംഭിച്ചു വരുന്നു. |
| • | 2019-20<br>മെഡിക്കൽ കോളേജ് ആശുപത്രിയിൽ പുതിയ ഇന്റർവെൻഷണൽറേഡിയോളജി ബ്ലോക്കിനടുത്ത് സെപ്റ്റിക്ക് ടാങ്ക് | 9,91,700/- | പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം മുഖേന പ്രവൃത്തികൾ പൂർത്തീകരിച്ചു. |

| | | | |
|---|---|---|---|
| | നിർമ്മിക്കുന്നതിനായി | | |
| • | 2019-20<br>മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയിലേക്കും വിവിധ വകുപ്പുകളിലേക്കും ഉപകരണങ്ങളും മറ്റുസാമഗ്രികളും വാങ്ങുന്നതിനായി | 6,65,00,000/- | വിവിധ വകുപ്പുകളിൽ സ്ഥാപിച്ചു ചികിത്സ നൽകി വരുന്നു. |
| | 2020-21<br>ഗവ മെഡിക്കൽ കോളേജ് ആശുപത്രിയിൽ മാതൃ - ശിശു സംരക്ഷണ യൂണിറ്റിൽ സൗകര്യം ഒരുക്കുന്നതിനായി | 1,00,00,000/- | സർക്കാരിൽ നിന്നും ഭരണാനുമതി ലഭ്യമാകുകയും തുടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു |
| • | 2020-21<br>ഗവ. മെഡിക്കൽ കോളേജിൽ മാലിന്യ സംസ്ക്കരണ സൗകര്യങ്ങൾ ഒരുക്കുന്നതിനായി | 20,00,000/- | സർക്കാരിൽ നിന്നും ഭരണാനുമതി ലഭ്യമാകുകയും സാങ്കേതികാനുമതി ലഭ്യമാകു കയും തുടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു |
| • | 2020-21<br>ഗവ. മെഡിക്കൽ കോളേജിൽ അറ്റകുറ്റപണികൾക്കും, വിവിധ നിർമ്മാണ പ്രവൃത്തികൾക്കുമായി | 90,00,000/- | പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം മുഖേനയുള്ള പ്രവൃത്തികൾക്ക് പൊതുമരാമത്ത് വകുപ്പ് വിഭാഗത്തിന് തുക കൈമാറിയിട്ടുണ്ട് പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| • | 2020-21<br>മഞ്ചേരി ഗവ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഭിന്നശേഷി വയോജന സൗഹൃദ പരിതസ്ഥിതി ഉറപ്പാക്കുന്നതിനായി | 30,00,000/- | പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം മുഖേന പ്രാരംഭ പ്രവൃത്തികൾ ആരംഭിച്ചു വരുന്നു |
| • | 2020-21<br>ഗവ. മെഡിക്കൽ കോളേജിലെ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണം, ഹൈ എൻഡ് ഉപകരണങ്ങളുടെ പരിപാലനം എന്നിവക്കായി | 1,00,00,000/- | വിവിധ പദ്ധതികൾക്കായി ലഭ്യമാ യ തുക ഉപയോഗിച്ച് നവീകരണം, അറ്റകുറ്റപ്പണി, യന്ത്രപരിപാലനം എന്നിവ ചെയ്ത് വരുന്നു |
| • | 2020-21<br>മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയിലേക്കും വിവിധ വകുപ്പുകളിലേക്കും ഉപകരണങ്ങളും മറ്റു സാമഗ്രികളും വാങ്ങുന്നതിനായി | 4,12,00,000/- | വിവിധ വകുപ്പുകളിൽ സ്ഥാപിച്ചു ചികിത്സ നൽകി വരുന്നു. |
| • | മഞ്ചേരി ഗവ മെഡിക്കൽ കോളേജ് ആശുപത്രിയിൽ കാത്ത് ലാബ് സ്ഥാപിക്കുന്നതിന് | 8,00,00,000/- | ബന്ധപ്പെട്ട പ്രവൃത്തികൾ പൂർത്തീകരിച്ചു ചികിത്സ നൽകി വരുന്നു. |

| | | | |
|---|---|---|---|
| • | ഗവ മെഡിക്കൽ കോളേജിൽ ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും ഹോസ്റ്റൽ, അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ ക്വാർട്ടേഴ്സുകൾ എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾക്ക് | 103,86,48,772/- | ടി പ്രവൃത്തികൾ മെസ്സേർസ് കിറ്റ്കോ ചേർത്തലയിൽ ആണ് നടന്നു വരുന്നത്. ആഡി റ്റോറിയം പ്രവൃത്തി സ്ട്രച്ചർ വർക്കുകൾ മാത്രമാണ് പൂർത്തി യായിട്ടുള്ളത്. മറ്റ് കെട്ടിടങ്ങളിൽ സിവിൽ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടെങ്കിലും മറ്റ് പ്രവൃത്തികൾ പൂർണ്ണമല്ല. ടീച്ചിംഗ്, നോൺടീച്ചിംഗ്,ബോയ്സ് ഹോസ്റ്റലുകൾ നിലവിൽ ഉപയോഗിച്ച് വരുന്നു. |
| • | 2021-22<br>മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിൽ കാന്റീൻ കെട്ടിട നിർമ്മാണം | 34,48,000/- | പ്രവൃത്തി പൂർത്തീകരിച്ചു |
| • | മെറ്റേണൽ ആന്റ് ചൈൽഡ് ഹെൽത്ത് | 40,00,000/- | പൊതുമരാമത്ത് വകുപ്പിന് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതാണ്. പ്രവൃത്തി നടന്നു വരുന്നു |
| • | മെഡിക്കൽ കോളേജ് ആശുപത്രിയെ രോഗീ സൗഹൃദമാക്കുന്നതിന് | 35,00,000/- | പൊതുമരാമത്ത് വകുപ്പിന് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതാണ്. പ്രവൃത്തി നടന്നു വരുന്നു |
| • | റീവാമ്പിംഗ് - അടിസ്ഥാന സൗകര്യ വികസനം | 2,50,00000/- | പൊതുമരാമത്ത് വകുപ്പിന് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതാണ്. പ്രവൃത്തി നടന്നു വരുന്നു |
| • | 2021-22<br>മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയിലേക്കും വിവിധ വകുപ്പുകളിലേക്കും ഉപകരണങ്ങളും മറ്റു സാമഗ്രികളും വാങ്ങുന്നതിന് | 8,09,10146/- | വിവിധ വകുപ്പുകളിൽ സ്ഥാപിച്ചു ചികിത്സ നൽകി വരുന്നു. |
| • | 2021-22<br>മഞ്ചേരി ഗവ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഭിന്നശേഷി വയോജന സൗഹൃദ പരിതസ്ഥിതിഉറപ്പാക്കുന്നതിനായി | 25,00,000/- | പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം<br>മുഖേന പ്രാരംഭ പ്രവൃത്തികൾ ആരംഭിച്ചു വരുന്നു. |
| • | 2022-23<br>കാന്റീൻ വിപുലീകരണം, ടോയിലെറ്റ് അറ്റകുറ്റപ്പണികൾ എന്നിവയ്ക്ക് | 87,51,000/- | പൊതുമരാമത്ത് വകുപ്പിന് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതാണ്. |
| • | 2022-23<br>കുടിവെള്ള സംവിധാനം കാര്യക്ഷമമാക്കുന്നതിന് | 18,80,000/- | വാട്ടർ അതോറിറ്റിയ്ക്ക് തുക കൈമാറിയിട്ടുണ്ട്. |
| • | 2022-23<br>റസിഡന്റ്സ് ക്വോട്ടേഴ്സ് 2,3 നിലകളുടെ വിപുലീകരണം | 1,00,00,000/- | പൊതുമരാമത്ത് ഹെഡിൽ നേരിട്ട് അനുവദിച്ചിട്ടുള്ളതാണ്. |
| • | 2022-23<br>ആശുപത്രിയിലെ എ.ബ്ലോക്ക് | 1,66,50,000/- | പൊതുമരാമത്ത് വകുപ്പിന് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| | നവീകരണം | | |
| • | 2022–23 എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണം | 60,00,000/- | ഗ്രീൻമെത്തേഡ് മുഖേന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട് |

- മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ കാത്ത് ലാബ് സ്ഥാപിക്കുന്നതിന് 8 കോടി രൂപ അനുവദിക്കുകയും ബന്ധപ്പെട്ട പ്രവൃത്തികൾ പൂർത്തീകരിച്ചു.
- മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിലെ അദ്ധ്യാപക-അനദ്ധ്യാപക ക്വാർട്ടേഴ്സ്, ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും ഹോസ്റ്റലുകൾ, ആഡിറ്റോറിയം, ഇന്റേണൽ റോഡ് എന്നിവയ്ക്ക് 103.86 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും നിർമ്മാണ പ്രവൃത്തികൾ നടന്നുവരുകയും ചെയ്യുന്നുണ്ട്.
- മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി ആശുപത്രിയിലെ ഒ.പി നവീകരണത്തിനും മറ്റു പ്രവർത്തികൾക്കുമായി വിവിധ ഘട്ടങ്ങളിലായി 2.85 കോടി രൂപ അനുവദിക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.
- 2022–23 സാമ്പത്തിക വർഷത്തിൽ എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണം 60 ലക്ഷം രൂപ ചെലവഴിച്ച് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്
- മെഡിക്കൽ കോളേജിൽ 3 ഡിപ്പാർട്ടുമെന്റുകളിലായി 6 പി.ജി സീറ്റുകൾ തുടങ്ങുന്നതിനുള്ള അനുമതി നാഷണൽ മെഡിക്കൽ കമ്മീഷനിൽ നിന്നും ലഭ്യമാകുകയും ആയതിന്റെ പ്രവേശന നടപടികൾ പൂർത്തീകരിച്ച് കോഴ്സുകൾ ആരംഭിക്കുകയും ചെയ്തിട്ടുള്ളതാണ്.
- മെഡിക്കൽ കോളേജിൽ MRI മെഷീൻ സ്ഥാപിക്കുന്നതിനായി 7,19,98,000/- രൂപ അനുവദിച്ചിട്ടുള്ളതും ആയത് കെ. എം. എസ്. സി. എ ലിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതും, കെ. എം. എസ്. സി. എൽ മുഖാന്തിരം MRI മെഷീൻ വാങ്ങുന്നതിന്റെ പ്രീബിഡ് മീറ്റിംഗ് കഴിഞ്ഞിട്ടുള്ളതും ടെന്റർ നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്.

## സർക്കാർ മെഡിക്കൽ കോളേജ്, തൃശ്ശൂർ

| 2021–23 കാലയളവിൽ പൂർത്തീകരിച്ച പദ്ധതികൾ | | | | |
|---|---|---|---|---|
| നം. | പദ്ധതി | തുക | ഭരണാനുമതി | വിശദാംശങ്ങൾ |
| 1 | ക്യാമ്പസ് CCTV System | 110 ലക്ഷം | GO(RT) No. 2124/2015/H&FWD dtd 08/07/2015 73 L) &GO(Rt.) No. 2130/ 2019/ H& FWD Dated 31.08.2019 (37 L) | കാമ്പസിന്റെ നിരീക്ഷണത്തിനും സുരക്ഷക്കും വേണ്ടി വിവിധ ഭാഗങ്ങളിലായി 197 ക്യാമറകൾ ആണ് സജ്ജീകരിച്ചിട്ടുള്ളതാണ് |

| | | | | |
|---|---|---|---|---|
| 2 | കുട്ടികളുടെ I. C. U. - വും അനുബന്ധ സൗകര്യങ്ങളും (ECRP2) | 89.35 ലക്ഷം | NHM | കുട്ടികളുടെ I. C. U. വും അനുബന്ധമായ സൗകര്യങ്ങളും ആണ് ഇതിൽ ഒരുക്കിയിട്ടുള്ളത്, കോവിഡ് പോലുള്ള പകർച്ച വ്യാധികളുടെ അടക്കം ചികിത്സയ്ക്ക് ഉപയോഗിക്കാവുന്ന ആധുനിക നെഗറ്റീവ് പ്രെഷർ സംവിധാനമാണ് ഒരുക്കിയത് |
| 3 | ലിക്വിഡ് ഓക്സിജൻ പ്ലാന്റ് | 83.14 ലക്ഷം | NHM | ഭാവിയിലുണ്ടായേക്കാവുന്ന എല്ലാ ഓക്സിജൻ ആവശ്യങ്ങൾക്കും ഉപയോഗിക്കാവുന്ന വിധം നിർമ്മിച്ചിരിക്കുന്നു. |
| 4 | SNCU – നവജാത ശിശു ഐ സി യു വിഭാഗം | 4.4 ലക്ഷം | NHM | മധ്യകേരളത്തിലെ ഏറ്റവും ആധുനികമായ ഈ വിഭാഗം 4 ജില്ലകളിലെ NEONATOLOGY രോഗികൾക്ക് ഉപയോഗപ്രദമാകുന്നു. |
| 5 | NELS ട്രെയിനിങ് സെന്റർ & SIM MAN 3 G | 186 ലക്ഷം | കേന്ദ്രസർക്കാർ പദ്ധതി | അത്യാധുനിക സൗകര്യങ്ങളുമായി വിവിധ യിനം പരിശീലനപരിപാടികൾ നൽകുന്നതിന് സാധ്യമാകും വിധം പ്രവർത്തിക്കുന്നു. |
| 6 | പുതിയ പി.ജി. ഹോസ്റ്റൽ | 1372 ലക്ഷം | | 7 നിലകളിലുള്ള 2 പി ജി ഹോസ്റ്റലുകൾ പൂർണ്ണമായും പ്രവർത്തനസജ്ജമാക്കിപിജി വിദ്യാർത്ഥികൾക്ക് കൈമാറി |
| 7 | ഇ -സഞ്ജീവനി ഡിസ്ട്രിക്റ്റ് ഹബ് | 15 ലക്ഷം | | *NHM* മുഖാന്തിരം രോഗികളും ഡോക്ടർമാരും തമ്മിൽ സംവദിക്കാനുള്ള ഒരു സംവിധാനം. |
| 8 | സെൻട്രൽ ബയോമെഡിക്കൽ പ്ലാന്റ് | 60 ലക്ഷം | | ആയിരം കിടക്കകൾക്കു വരെ കംപ്രസ്ഡ് എയർ വിതരണം ചെയ്യാൻ പര്യാപ്തമായ പ്ലാന്റ് ആയി ഉയർത്തി പുനഃസ്ഥാപിച്ചു. |
| 9 | എംബാമിംഗ് / ഡിസക്ഷൻ ഹോൾ | 37 ലക്ഷം | | മരണാനന്തര മൃതദേഹങ്ങൾ എംബാം ചെയ്തു നൽകുന്നതിനും പഠനാവശ്യങ്ങൾക്കുള്ളവ സൂക്ഷിക്കുന്നതിനും വേണ്ട സംവിധാനം ഒരുക്കി |
| 10 | കോസ്മറ്റോളജി യൂണിറ്റ് | 2.5 ലക്ഷം | | PG Enhancement grant ഉപയോഗിച്ച് മധ്യകേരളത്തിലെ ആദ്യ ഗവണ്മെന്റ് മേഖലയിലെ യൂണിറ്റ് ആണ്. Laser, Microablab, എന്നിവ തുടങ്ങി ആധുനികചികിത്സ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട് |
| 11 | ഓക്സിജൻ ജനറേഷൻ പ്ലാന്റ് | 188 ലക്ഷം & 73 ലക്ഷം | PM കെയർ &സ്റ്റേറ്റ് പ്ലാൻ | 1500 LPM ഉല്പാദനശേഷിയുള്ള ഈ പ്ലാന്റ് നിലവിലെ ഓക്സിജൻ വിതരണ സംവിധാനത്തെ ശക്തിപ്പെടുത്തി-യിട്ടുണ്ട്. ഈ സംവിധാനം നിലവിൽ വന്നതുമൂലം കോവിഡ്-19 രണ്ടാം തരംഗ സമയത്ത് ഓക്സിജൻ ബെഡ്ഡുകളുടെ ലഭ്യത രണ്ടിരട്ടി ഉയർത്താനും ഐസിയു ബെഡ്ഡുകൾ 72 ആക്കി മാറ്റുവാനും സാധിച്ചു. |
| 12 | സ്റ്റീരിയോ-ടാക്റ്റിക് ഫ്രെയിം ഫോർ ന്യൂറോ സർജറി | 65 ലക്ഷം | സ്റ്റേറ്റ് പ്ലാൻ | തലയോട്ടു തുറക്കാതേയും രോഗിക്കു അനസ്തേഷ്യ നൽകാതേയും പോലും തലച്ചോറിലെ പല അസുഖങ്ങൾക്കും കൃത്യതയോടെ ചികിത്സ നൽകാൻ സാധിക്കുന്ന നൂതന ശസ്ത്രക്രിയ |

| | | | | |
|---|---|---|---|---|
| | | | | സംവിധാനം. |
| 13 | സെൻട്രൽ ബയോമെഡിക്കൽ ഡിപ്പോ | 20 ലക്ഷം രൂപ HDS fund | | കേന്ദ്രീകൃത സംവിധാനത്തിൽ ഉള്ള തൃശ്ശൂർ ഗവ.മെഡിക്കൽ കോളേജിലെ എല്ലാ ഉപകരണങ്ങളുടേയും inventory , വിതരണം, പരിചരണം, സമയബന്ധിതമായ അറ്റകുറ്റപണികൾ എന്നിവ ഒരു കടക്കീഴിൽ നടത്തുന്നതിനായി ഒരുക്കിയ സംവിധാന-മാണ് ബയോമെഡിക്കൽ ഡിപ്പോ. |
| 14 | RBSK ട്രൈയിനിംഗ് സെന്റർ | 212 ലക്ഷം (NHM) | | ഭിന്നശേഷി, ഓട്ടിസം കുട്ടികൾക്കുള്ള പരിശീലന പദ്ധതികളും ഇത്തരം പരിശീലനത്തിനു മാതാപിതാക്കളേയും അദ്ധ്യാപകരേയും മറ്റുള്ളവരേയും പര്യാപ്ത-രാക്കുന്ന പരിശീലനപരിപാടികൾക്കായുള്ള മേഖലാതല കേന്ദ്രമാണിത്. |
| 15 | ഇ-ഹെൽത്ത് | കേന്ദ്രീകൃത പദ്ധതി | | ആശുപത്രിയിലെ ഒ.പി, ഐ പി , കാഷ്വാലിറ്റി തുടങ്ങിയ സേവനങ്ങൾ ഇ-ഹെൽത്ത് സംവിധാനം വഴി രോഗീ സൗഹൃദമാക്കി |
| 16 | ട്രോമാ കെയർ ആൻഡ് ട്രയാജ് കെട്ടിടം | 704.25 ലക്ഷം | | അത്യാഹിത വിഭാഗത്തിലെ സൗകര്യങ്ങൾ വിപുലീകരിച്ച് രോഗീ സൗഹൃദമാക്കുന്നതിനും കൂടുതൽ ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ഈ കെട്ടിടം പ്രയോജനപ്പെടുത്തുന്നു |
| 17 | ബേൺസ് യൂണിറ്റ് | 268.8 ലക്ഷം | | തീപ്പൊള്ളൽ മൂലമുള്ള പരിക്കുകൾ ആധുനീക രീതി യിലുള്ള ചികിത്സ വഴി ഭേദമാക്കുന്നതിന് ഈ സംവിധാനം സഹായിക്കുന്നു |
| 18 | 150 KW p ഗ്രിഡ് കണക്റ്റഡ് സോളാർ പവർ സിസ്റ്റം | 100 ലക്ഷം | | അക്കാഡമിക് ആൻഡ് അഡ്മിനിസ്ട്രേറ്റീവ് കെട്ടിടത്തിന്റെ മുഴുവൻ വൈദ്യുത ആവശ്യങ്ങളും ഈ സോളാർ വൈദ്യുത പദ്ധതിയിൽ നിന്നും കണ്ടെത്താൻ കഴിയുന്നു. |
| 19 | ചുറ്റുമതിൽ ഒന്നാം ഘട്ടം | 300 ലക്ഷം | | കാമ്പസിന്റെ സുരക്ഷ വർധിപ്പിക്കുന്നതിനും കയ്യേറ്റം ഒഴിവാക്കുന്നതിനും വേണ്ടിയുള്ള ചുറ്റുമതിൽ നിർമ്മാണ- ത്തിന്റെ ഒന്നാം ഘട്ടം പൂർത്തീകരിച്ചു |

## സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം

- തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ നേട്ടങ്ങൾ അനുബന്ധമായി ചേർത്തുകൊള്ളുന്നു ([illegible]).

## സർക്കാർ മെഡിക്കൽ കോളേജ്, ആലപ്പുഴ

- ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിലെ നേട്ടങ്ങൾ അനുബന്ധമായി ചേർത്തുകൊള്ളുന്നു (അനുബന്ധം 2.).

<u>സർക്കാർ ദന്തൽ കോളേജ്, കോട്ടയം</u>

- 15 കോടി രൂപ മുതൽ മുടക്കിൽ ആരംഭിച്ച അഡ്മിനിസ്ട്രേറ്റീവ് & റിസർച്ച് ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏകദേശം 90% പൂർത്തിയായി.
- 6 ലക്ഷം രൂപ മുടക്കി പ്രോസ്തോഡോണ്ടിക്സ് കൺസർവേറ്റീവ് ഡന്റിസ്ട്രി ഡിപ്പാർട്ടുമെന്റുകളിൽ പ്രവർത്തികൾ നടപ്പിലാക്കി.
- 7 ലക്ഷം രൂപ മുടക്കി ക്ലിനിക്കൽ ബ്ലോക്കിന്റെ മേൽക്കൂരയുടെ നിർമ്മാണ പ്രവർത്തനം നടത്തി.
- 6.3 ലക്ഷം രൂപ മുടക്കി സ്റ്റോർ റൂമിനെ സെഡേഷൻ റൂം പി.ജി മുറിയുടെ വേർതിരിക്കൽ എന്നിവയും പെയിന്റിംഗ് വർക്കുകളും ചെയ്തു.
- KUHS ന്റെ QAS Accreditation പ്രകാരം ഈ സ്ഥാപനത്തിന് 2022 ൽ A ഗ്രേഡ് ലഭിച്ചു.

<u>സർക്കാർ ദന്തൽ കോളേജ്, കോഴിക്കോട്</u>

- തെരുവിൽ താമസിക്കുന്ന അശരണർക്കും രോഗികൾക്കും വേണ്ടിയും ഡെന്റൽ ക്യാംപും തുടർ ചികിൽസകളും ഉദയം പ്രോജക്ട് വഴി നടത്തി വരുന്നു.

- ചെറൂപ്പ ഹെൽത്ത് സെന്ററിൽ സാറ്റലൈറ്റ് ഡെന്റൽ ക്ലിനിക് ആധുനികവൽക്കരിക്കുകയും കൂടുതൽ വിപുലമായ ദന്ത ചികിത്സകൾ നൽകുവാനും ആരംഭിച്ചു.
- പുതിയ ഡെന്റൽ ചികിത്സാ സൗകര്യങ്ങളോട് കൂടിയ ബസ്സ് വാങ്ങുകയും ഗ്രാമ പ്രദേശങ്ങളിൽ ആദിവാസി കോളനികളിലും മറ്റും നിരന്തരമായി ഓറൽ കാൻസർ കണ്ടുപിടിക്കുന്നതിനുള്ള ക്യാംപുകൾ നടത്തി വരുന്നു.
- മെഡിക്കൽ കോളേജിൽ സർജിക്കൽ ഓങ്കോളജി വിഭാഗവും റേഡിയേഷൻ വിഭാഗവുമായി കൂടി ചേർന്ന് ക്യാൻസർ രോഗികൾക്ക് സർജറി ആരംഭിച്ചിട്ടുണ്ട്.
- പുതിയ ബ്ലോക്ക് നിർമ്മാണ പ്രവർത്തനങ്ങൾ മിക്കവാറും പൂർത്തീകരിച്ചു കഴിഞ്ഞു. ഈ വർഷം തന്നെ പ്രവർത്തന ക്ഷമമാകുന്നതാണ്.
- കോളേജിനു വേണ്ടിയുള്ള ഓഡിറ്റോറിയം പണി പൂർത്തിയായി 6 മാസത്തിനകം പ്രവർത്തന ക്ഷമമാകുന്നതാണ്.

## സർക്കാർ ദന്തൽ കോളേജ്, തൃശ്ശൂർ

2015 ൽ സ്ഥാപിതമായ തൃശ്ശൂർ സർക്കർ ദന്തൽ കോളേജ് ദന്തചികിത്സയിൽ ഗുണനിലവാരമുള്ള വിദ്യാഭ്യാസം നൽകുകയും തൃശ്ശൂർ, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിലെ നിർദ്ധനരായ ജനങ്ങളുടെ ദന്തചികിത്സ നിറവേറ്റുകയും ചെയ്യുന്ന കേരളത്തിലെ പ്രധാന ഡെന്റൽ കോളേജുകളിലൊന്നാണ്.

G.O.MS)No/ 324/2012/H&FWD തീയതി, 01/10/2012 പ്രകാരം 9 ഡിപ്പാർട്ടുമെന്റുകളുള്ള ഡെന്റൽ കോളേജ് പ്രവർത്തിക്കാനും ബി.ഡി.എസ് കോഴ്സിൽ 50 വിദ്യാർത്ഥികളുടെ വാർഷിക പ്രവേശനത്തിനും സർക്കാർ അനുമതി നൽകി G.O(MS)No. 99/2015/H&FWD തീയതി, 12/05/2012 പ്രകാരം 51 അധ്യാപിക

അനധ്യാപിക തസ്തിക സൃഷ്ടിച്ചു. പിന്നീട് കോളേജ് 25/05/2015 മുതൽ പ്രവർത്തനമാരംഭിച്ചു.

സർക്കാർ ഉത്തരവ് G.O(Rt)No. 617/2014/H&FWD തീയതി 22/02/2014 പ്രകാരം തൃശ്ശൂർ സർക്കാർ ഡെന്റൽ കോളേജ് (ഒന്നാം ഘട്ടം) നിർമ്മാണത്തിന് M/s. HLL Life Care Ltd, തിരുവനന്തപുരത്തെ പ്രോജക്ട് മാനേജ്മെന്റ് കൺസർട്ടൻസി ഏജൻസിയായി നിയമിച്ചുകൊണ്ട് ഭരണാനുമതി നൽകി ആദ്യഘട്ട നിർമ്മാണം പൂർത്തിയായി, 31/10/2016 മുതൽ പുതിയ ക്യാമ്പസിൽ ഏക്കർ സ്ഥലത്ത് വ്യാപിച്ചു കിടക്കുന്ന പുതിയ കെട്ടിടത്തിൽ ഡെന്റൽ കോളേജ് പ്രവർത്തിക്കുന്നു. സമീപഭാവിയിൽ ആവശ്യമായ ബിരുദാനന്തരബിരുദ സൌകര്യങ്ങൾ ഉൾക്കൊള്ളുന്നതിനായി 18059 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള അഞ്ച് നിലകളിലായാണ് കോളേജ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. 2015 ലെ പ്രവേശനം മുതൽ കോളേജ് കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസുമായി അഫിലിയേറ്റ് ചെയ്തു. കോഴ്സിന് ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യ (ഡിസിഐ) അംഗീകാരം നൽകിയിട്ടുണ്ട്.

കോളേജിന്റെ രണ്ടാംഘട്ട നിർമ്മാണത്തിനുള്ള പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിച്ചുവരികയാണ്. സർക്കാർ ഉത്തരവ് (ആർ.ടി) നമ്പർ.202/2023/ എച്ച്&എഫ്.ഡബ്ല്യൂ.ഡി പ്രകാരം സാങ്കേതിക അനുമതി ലഭ്യമാകുകയും ചെയ്തിട്ടുള്ളതാണ്. കോളേജിന്റെ ലേഡീസ് ഹോസ്റ്റൽ 2022 ഒക്ടോബർ മാസം നിർമ്മാണം ആരംഭിക്കുകയും ഒന്നാംഘട്ടം 18 മാസത്തിനുള്ളിൽ പൂർത്തിയാകുന്ന തരത്തിൽ വിഭാവനം ചെയ്തിട്ടുള്ളതുമാണ്.

## സർക്കാർ ദന്തൽ കോളേജ്, തിരുവനന്തപുരം

1959 ൽ സ്ഥാപിതമായ തിരുവനന്തപുരം ഗവ. ദന്തൽ കോളേജ് നാളിതുവരെ ഏകദേശം 2500 ൽ പരം ദന്താരോഗ്യ വിദഗ്ദരെ ഈ നാടിനു സംഭാവന ചെയ്തു കഴിഞ്ഞു.
ഈ സ്ഥാപനത്തിന്റെ പ്രവർത്തനാരംഭകാലത്ത് ആരോഗ്യവകുപ്പ് മന്ത്രി എ.ആർ മേനോനും പ്രിൻസിപ്പാൾ എം.തങ്കവേലുവും ആയിരുന്നു. ഈ പ്രഗത്ഭരുടെ നിതാന്ത പരിശ്രമത്തിന്റെ ഫലമായാണ് തെക്കേ ഇന്ത്യയിലെ രണ്ടാമാത്തെ ദന്താരോഗ്യ പഠന കേന്ദ്രമായി തിരുവനന്തപുരം ഗവ. ദന്തൽ കോളേജ് ഉദയം കൊണ്ടത്.

തനതായ പഠന ഗവേഷണ സേവന വിഭാഗങ്ങളുടെ മികവുറ്റ പ്രവർത്തനത്തിലൂടെ ഈ സ്ഥാപനത്തിന് വിശിഷ്ടമായ പ്രശസ്തിയും പദവിയും ദേശീയ-അന്തർദേശീയ തലത്തിൽ ലഭ്യമായിട്ടുള്ളതിനു ഉദാഹരണമായി നിരവധി ബിരുദ-ബിരുദാനന്തര ബിരുദധാരികൾ ധാരാളമുണ്ട്. ഇവരുടെ ശക്തമായ സ്വാധീനം ദന്താരോഗ്യ സംരക്ഷണ മേഖലയിൽ സമൂഹത്തിനു ഗുണപ്രദമായിട്ടുണ്ട്.

30 ബി.ഡി.എസ് വിദ്യാർത്ഥികളെ പഠിപ്പിച്ചു തുടങ്ങിയ ഈ സ്ഥാപനം ഇപ്പോൾ 50 ബി.ഡി.എസ് വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഒരുക്കുന്നു. കൂടാതെ 26 പോസ്റ്റ് ഗ്രാജുവേറ്റ് വിദ്യാർത്ഥികളും ഇവിടെ ഓരോ വർഷവും പഠനം നടത്തുന്നു. ഇതിനു പുറമേ ദന്തൽ ഹൈജീനിസ്റ്റ്, ദന്തൽ മെക്കാനിക്ക്, ദന്തൽ ഓപ്പറേറ്റിംഗ് റൂം അസിസ്റ്റന്റ് എന്നീ പാരാ മെഡിക്കൽ കോഴ്സുകളിലായി 25 വിദ്യാർത്ഥികളും ഒരു വർഷം പഠിക്കുന്നു. ഇവിടെ ഒൻപത് ഡിപ്പാർട്ടുമെന്റുകളും 8 വ്യത്യസ്ത പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സുകളും ഉണ്ട്. 1959 ൽ ഗ്രാജുവേറ്റ് കോഴ്സുകളും 1966 ൽ പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സുകളും ഈ സ്ഥാപനത്തിൽ ആരംഭിച്ചു.

തിരുവനന്തപുരം ഗവ. ദന്തൽ കോളേജിന്റെ വികസനത്തിന്റെ ഭാഗമായി 1995 ൽ രണ്ടാമതൊരു ബ്ലോക്ക് കൂടി പഴയ കെട്ടിടത്തിന് അനുബന്ധമായി പണിതു. വികസന പ്രവർത്തനങ്ങളുടെ ഭാഗമായി ദന്തൽ റേഡിയോളജി വിഭാഗത്തിൽ ഒരു കോടി രൂപ മുടക്കി അത്യാധുനിക CBCT മെഷീൻ സ്ഥാപിച്ചു.

മൂന്നാമതൊരു ബ്ലോക്കിന്റെ പണിയുടെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഈ ബ്ലോക്ക് പൂർത്തിയാകുന്നതോടുകൂടി ആധുനിക സൗകര്യങ്ങളോടുകൂടിയ സർജിക്കൽ തിയേറ്ററും ഐ.പി വിഭാഗവും ജീറിയാട്രിക് ക്ലിനിക്കും ആരംഭിക്കാൻ സാധിക്കും. ഈ ബ്ലോക്കു കൂടി പൂർത്തിയാകുമ്പോൾ ഇന്ത്യയിലെ തന്നെ നമ്പർ വൺ ദന്തൽ കോളേജായി ഈ സ്ഥാപനം മാറും.

ഏറ്റവും മികച്ച അദ്ധ്യാപക അദ്ധ്യാപകേതര ജീവനക്കാർ, എല്ലാ തലത്തിലും പുലർത്തുന്ന പ്രൊഫഷണലിസം (തൊഴിൽ പരമായ മികവ്), സമൂഹവുമായുള്ള നിരന്തര ഇടപെടലും ബോധവത്കരവും, അർപ്പണ മനോഭാവമുള്ള വിദ്യാർത്ഥികൾ എന്നിവരുടെ സംഘടിതമായ പ്രവർത്തനങ്ങളിലൂടെ ഈ സ്ഥാപനം രാജ്യത്തെ ശ്രേഷ്ഠ സ്ഥാപനമായി വളർന്നിരിക്കുന്നു.

**<u>സർക്കാർ ദന്തൽ കോളേജ്, ആലപ്പുഴ</u>**

ആലപ്പുഴ സർക്കാർ ദന്തൽ കോളേജിലെ നേട്ടങ്ങൾ അനുബന്ധമായി ചേർത്തുകൊള്ളുന്നു [illegible]

**<u>സർക്കാർ നഴ്സിംഗ് കോളേജ്, തിരുവനന്തപുരം</u>**

- സർക്കാർ ഉത്തരവ് നം. 243/2022/ആ.കു.വ തീയതി. 27/11/2022 പ്രകാരം ബി.എസ്.സി നഴ്സിംഗിന്റെ സീറ്റ് 82

ൽ നിന്നും 90 ആയി വർദ്ധിപ്പിച്ചു. കൂടാതെ 8 ജമ്മു കാശ്മീർ വിദ്യാർത്ഥികളെ കൂടി PMSSS പ്രകാരം പ്രവേശിപ്പിച്ചിട്ടുണ്ട്. അപ്രകാരം ആകെ 98 സീറ്റുകൾ ലഭ്യമാക്കി.

- ഈ കോളേജിലെ ജേണലിന് ISSN Number ലഭിക്കുകയുണ്ടായി.

- **സർക്കാർ നഴ്സിംഗ് കോളേജ്, ആലപ്പുഴ**
- ബി.എസ്.സി നഴ്സിംഗിന്റെ സീറ്റ് 66 ൽ നിന്നും 80 ആയും, എം.എസ്.സി നഴ്സിംഗ് സീറ്റ് 20 ൽ നിന്നും 22 ആയും വർദ്ധിപ്പിക്കുകയുണ്ടായി.

**സർക്കാർ നഴ്സിംഗ് കോളേജ്, കോഴിക്കോട്**

- 2020 വർഷം മുതൽ ബി.എസ്.സി നഴ്സിംഗിന് ആറും എം.എസ്.സി നഴ്സിംഗിന് മൂന്നും ഇ.ഡബ്ല്യൂ.എസ് ക്വാട്ട പ്രകാരം (10%) സീറ്റ് വർദ്ധനവ് ലഭിച്ചു.
- 2022 വർഷം മുതൽ ബി.എസ്.സി നഴ്സിംഗിനുള്ള സീറ്റ് 66 ൽ നിന്നും 80 ആയി വർദ്ധിപ്പിച്ചു.
- കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ വിവിധ ഡിപ്പാർട്ടമെന്റുകളിൽ ബി.എസ്.സി നഴ്സിംഗ്, എം.എസ്.സി നഴ്സിംഗ്, ജി.എൻ.എം വിദ്യാർത്ഥികൾ

അദ്ധ്യാപകരുടെ നേതൃത്വത്തിൽ ആരോഗ്യ ബോധവത്ക്കരണ പരിപാടികളും പ്രോജക്ടുകളും നടത്തി.

- സ്ഥാപനത്തിലെ എല്ലാ വിദ്യാർത്ഥികൾക്കും അപെക്സ് ട്രോമ ആന്റ് എമർജൻസി ലേണിംഗ് സെന്ററർ വിദഗ്ധർ നൈപുണ്യ പരിശീലനം നൽകി.
- സ്റ്റുഡന്റ് സപ്പോർട്ട് ആന്റ് ഗൈഡൻസ് സെൽ, എൻ.എസ്.എസ് യൂണിറ്റ്, കോളേജ് യൂണിയൻ എന്നിവ വിദ്യാർത്ഥികളുടെ സമൂല വികസനം ലക്ഷ്യമാക്കി പ്രവർത്തിച്ചു വരുന്നു
- ആന്റി നാർക്കോട്ടിക് ക്ലബ് രൂപീകരിച്ചു
- പുതുലഹരിയ്ക്ക് ഒരു വോട്ട് ക്യാംപെയ്ൻ സംഘടിപ്പിച്ചു
- കോളേജിൽ അത്യാധുനിക സംവിധാനങ്ങളോടെ Skill Lab ശക്തിപ്പെടുത്തി
- കോളേജിൽ ആരോഗ്യ ശാസ്ത്ര സർവ്വകലാശാല നിഷ്ക്കർഷിച്ച രീതിയിൽ ഡിജിറ്റൽ മൂല്യനിർണ്ണയ കേന്ദ്രം പ്രവർത്തനമാരംഭിച്ചു.
- കോഴിക്കോട് ജില്ലാ കളക്ടറുടെ 'ക്യാമ്പസസ് ഓഫ് കോഴിക്കോട്' പദ്ധതിയിൽ പ്രവർത്തിച്ചു വരുന്നു

**<u>സർക്കാർ നഴ്സിംഗ് കോളേജ്, കോട്ടയം</u>**

- ജി.എൻ.എം കോഴ്സിന്റെ സീറ്റുകൾ 20 ൽ നിന്നും 30 ആയി വർദ്ധിപ്പിച്ചു.

- 05 കോടി മുതൽ മുടക്കിൽ പണി കഴിപ്പിച്ച് എക്സാമിനേഷൻ ലൈബ്രറി കെട്ടിടം, കോളേജ് മെയിൻ കെട്ടിടത്തിലെ പാസഞ്ചർ ലിഫ്റ്റ് (52.38 ലക്ഷം) എന്നിവ ഉദ്ഘാടനം ചെയ്തു.
- 2022-23 അക്കാദമിക് വർഷം മുതൽ ബി.എസ്.സി നഴ്സിങ്ങ് കോഴ്സിന്റെ സീറ്റ് 66-ൽ നിന്നും 80 ആക്കി ഉയർത്തി.
- കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ്, തൃശ്ശൂർ-ന്റെ ക്വാളിറ്റി അഷ്വറൻസ് സ്കീം പ്രകാരം എ പ്ലസ് ഗ്രേഡ് കരസ്ഥമാക്കി.

**സർക്കാർ നഴ്സിംഗ് കോളേജ്, കണ്ണൂർ**

സഹകരണ മേഖലയിൽ പ്രവർത്തിച്ചു വന്നിരുന്ന പരിയാരം നഴ്സിംഗ് കോളജ് 2019 ലെ 20-ാം നമ്പർ ഓർഡിനൻസ് പ്രകാരം സർക്കാർ ഏറ്റെടുക്കുകയും ഗവ.നഴ്സിംഗ് കോളജേ കണ്ണൂർ എന്ന് പുനർ നാകരണം ചെയ്യുകയും ചെയ്തു. ഏറ്റെടുത്ത ഘട്ടത്തിൽ ബി.എസ്.സി നഴ്സിംഗിന് 60 സീറ്റും എം.സ്.സി നഴ്സിംഗിന് 10 സീറ്റുമാണ് ഉണ്ടായത്. പിന്നീട് G.0(Ms)No./243/2022/H&FWD Dated 27/01/2022 ഉത്തരവ് പ്രകാരം സീറ്റ് വർദ്ധിപ്പിച്ചതനുലരിച്ച് നിലവിൽ ബി.എസ്.സി നഴ്സിംഗിന് ജമ്മു കാശ്മീരിൽ നിന്നുള്ള പി.എം.എസ്.എസ് ക്വാട്ടയിൽ അഡ്മിഷൻ നേടിയ വിദ്യാർത്ഥികൾ ഉൾപ്പെടെ 85 സീറ്റും എം,എസ്.സി നഴ്സിംഗിന് 11 സീറ്റുമാണുള്ളത്.

2020-21 മുതൽ പ്ലാൻ ഫണ്ട് കോളേജിന് ലഭ്യമായി വരുന്നുണ്ട്. 2021-22 ൽ മൈനർ വർക്സ് ശീർഷകത്തിൽ (2210-05-105-06-17 MW(P) 99.17 ലക്ഷം രൂപയും 2022-23 ൽ 70.75 ലക്ഷം രൂപയും വിവിധ പ്രവ്യത്തികൾക്കായി അനുവദിച്ചിരുന്നു. പ്രസ്തുത തുകകൾ മറ്റ് തുടർ നടപടികൾക്കായി PWD ക്ക് കൈമാറിയിട്ടുണ്ട്. കൂടാതെ 2022-23 വർഷത്തിൽ മേജർ വർക്സ് ശീർഷകത്തിൽ (4210-03-105-14-P) ലൈബ്രറി കെട്ടിടം, ലക്ചറർ ഹാൾ എന്നീ പ്രവർത്തികൾക്കായി

3 കോടി രൂപയുടെ ഭരണാനുമതിയും ലഭിച്ചിട്ടുണ്ട്. ടി പ്രവർത്തിക്ക് അനുവദിച്ച ഒരു കോടി രൂപ PWD ക്ക് കൈമാറിയിട്ടുണ്ട്.

<u>സർക്കാർ നഴ്സിംഗ് കോളേജ്, എറണാകുളം</u>

- 2020 അദ്ധ്യയന വർഷം ബി.എസ്സ്.സി പോസ്റ്റ് ബേസിക് ബി.എസ്സ്.സി നഴ്സിംഗ് കോഴ്സുകൾ EWS ക്വാട്ടയിൽ 10% സീറ്റ് വർദ്ധനവ് നടത്തിയിട്ടുണ്ട്.
  ബി.എസ്.സി നഴ്സിംഗ്-60 സീറ്റിൽ നിന്നും 66 ആയി വർദ്ധിപ്പിച്ചു. പോസ്റ്റ് ബേസിക് ബി.എസ്സ്.സി നഴ്സിംഗ്-40 സീറ്റിൽ നിന്നും 44 ആയി വർദ്ധിപ്പിച്ചു.
- 2022 അദ്ധ്യയന വർഷം ബി.എസ്സ്.സി നഴ്സിംഗ് കോഴ്സിന് വീണ്ടും സീറ്റ് വർദ്ധനവ് നടത്തുകയുണ്ടായി.
  ബി.എസ്.സി നഴ്സിംഗ്-66 സീറ്റിൽ നിന്നും 80 ായി വർദ്ധിപ്പിച്ചു.
- എറണാകുളം സർക്കാർ നഴിസംഗ് കോളേജിനു വേണ്ടി ഒരു പ്രിൻസിപ്പൽ തസ്തികയും 13 മിനിസ്റ്റീരിയൽ തസ്തികകളും 31 അദ്ധ്യാപക തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.
- മരാമത്ത് പണികൾ ചുവടെ ചേർക്കുന്നത് പ്രകാരം പ്ലാൻ ഫണ്ടിൽ നിന്നും തുകകളനുവദിച്ച് ആയത് ചിലവാക്കിയിട്ടുണ്ട്.

2016-17 – 4 ലക്ഷം

2017-18 – 11 ലക്ഷം

2018-19 – 20 ലക്ഷം

2019-20 – 77 ലക്ഷം

2020-21 – 42 ലക്ഷം

2021-22 – 46 ലക്ഷം.

<u>ഗവ. നഴ്സിംഗ് കോളേജ്, തൃശ്ശൂർ</u>

- വിവിധങ്ങളായ ഫർണീച്ചറുകളും അലമാരകളും മറ്റും 8,76,396/- രൂപ ചെലവാക്കി കോളേജിലേക്കും ഹോസ്റ്റലിലേക്കുമായി വാങ്ങുകയുണ്ടായി.
- കോളേജിന്റെ ലൈബ്രറിയിലേക്ക് വിദ്യാർത്ഥികളുടെ പഠനാവശ്യ സംബന്ധിയായ നിരവധി പുസ്തകങ്ങൾ 2,25,874/- രൂപ ചെലവാക്കി വാങ്ങുകയുണ്ടായി.
- കോളേജിന്റെ ലൈബ്രറിയിലേക്ക് പത്ത് ഡബിൾഫേഡ്സ് ബുക്ക്റാക്കുകൾ 3,23,603/- രൂപ ചെലവാക്കി സ്ഥാപിച്ചിട്ടുള്ളതാണ്.
- മൾട്ടി പർപ്പസ്ഹാളിന്റെ നിർമ്മാണം 1.5 കോടി രൂപ ചെലവാക്കി ഒന്നാംഘട്ടം പൂർത്തിയാക്കിയിട്ടുള്ളതാകുന്നു.
- കോളേജിലെ പെൺകുട്ടികളടെ ഹോസ്റ്റലിന്റെ ചുറ്റുമതിൽ നിർമ്മാണം 58 ലക്ഷം രൂപ ചെലവാക്കി പൂർത്തിയാക്കിയിട്ടുള്ളതാകുന്നു.
- മെഡിക്കൽ സർജിക്കൽ ഡിപ്പാർട്ട്മെന്റിലേക്ക് ഒര ുഹെയിംലിച്ച് മാന്യുവർ സിമുലേഷൻ സ്യൂട്ട് ലഭ്യമാക്കുന്നതിനായി 45,600/-രൂപ ചെലവാക്കി വാങ്ങുകയുണ്ടായി.
- ചൈൽഡ് ഹെൽത്ത് നഴ്സിംഗ ്ഡിപ്പാർട്ട്മെന്റിലേക്ക് ഒരു അഡ്വാൻസ്ഡ് മർട്ടി ഫങ്ഷണൽ ചൈൽഡ് നഴ്സിംഗ് മാനിക്കിനും ബേസിക്ക് കെയർ ഡമ്മി പീഡിയാട്രിക്കും ലഭ്യമാക്കുന്നതിനായി 1,59,360/-രൂപ ചെലവാക്കി വാങ്ങുകയുണ്ടായി.
- പ്രീ ക്ലീനിക്കൽ ലാബിലേക്ക് ഒരു ബേസിക്ക് നഴ്സിംഗ് സ്കിൽ മാനിക്കിൻ ലഭ്യമാക്കുന്നതിന് 1,99,874/- രൂപ ചെലവാക്കി വാങ്ങുകയുണ്ടായി.
- കമ്മ്യൂണിറ്റി ഹെൽത്ത് നഴ്സിംഗ് ഡിപ്പാർട്ട്മെന്റിലേക്ക് ഒരു മെറ്റേണൽ ബർത്തിംഗ് സിമുലേറ്റർ ലഭ്യമാക്കുന്നതിന് 50,000/- രൂപ ചെലവാക്കി വാങ്ങുകയുണ്ടായി.

[redacted]

# സർക്കാർ മെഡിക്കൽ കോളേജ്
# തിരുവനന്തപുരം

[redacted] തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ പൂർത്തീകരിച്ചതും നടപ്പിലാക്കിയതുമായ വിവിധ വികസന പദ്ധതികൾ

(2016 –2022)

# സാമ്പത്തിക വിവരങ്ങൾ

## ❖ പദ്ധതി / പദ്ധതിയേതര വിഹിതം

*2016 മുതൽ 2022 കാലഘട്ടത്തിൽ പദ്ധതി / പദ്ധതിയേതര വിഹിതത്തിൽ മരാമത്ത് പണികൾക്കായി 41.44 കോടി രൂപയും ഉപകരണങ്ങൾ വാങ്ങുന്നതിനും മറ്റ് വികസന പദ്ധതികൾക്കുമായി (ശംബളം ഉൾപ്പടെ) 1298.56 കോടി രൂപയും അനുവദിക്കപ്പെട്ടു. വർഷം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.*

| വർഷം | പദ്ധതി വിഹിതം | പദ്ധതിയേതര വിഹിതം | ആകെ |
|---|---|---|---|
| 2016–2017 | 48,35,13,235 | 1,64,11,43,000 | 2,12,46,56,235 |
| 2017–2018 | 78,52,17,408 | 2,23,07,37,000 | 3,01,59,54,408 |
| 2018–2019 | 40,30,10,000 | 2,24,95,40,000 | 2,65,25,50,000 |
| 2019–2020 | 56,39,31,600 | 2,29,98,48,000 | 2,86,37,79,600 |
| 2020–2021 | 24,04,70,070 | 2,50,36,32,000 | 2,74,41,02,070 |
| 2021–2022 | 45,29,92,584 | 2,80,49,76,000 | 3,25,79,68,584 |
| ആകെ | 2,47,61,42,313 | 10,92,49,00,000 | 13,40,10,42,313 |

- ❖ *കേന്ദ്ര സഹായമായി വിവിധ പദ്ധതികൾക്കായി 23.23 കോടി രൂപ ലഭിച്ചിട്ടുണ്ട്.*
- ❖ *മാസ്റ്റർപ്ലാൻ പദ്ധതിക്കായി കിഫ്ബി മുഖേന ആദ്യ ഘട്ടമായി 58.37 കോടി രൂപ അനുവദിച്ചു.*
- ❖ *കേരള റോഡ് ട്രാൻസ്പോർട്ട് പ്രോജക്ടിന്റെ ഭാഗമായി (കെ.എസ്.ടി.പി.) റോഡ് സേഫ്റ്റി കപ്പാസിറ്റി ബിൽഡിംഗ് ആന്റ് പ്രോഗ്രാം മുഖേന ഉപകരണങ്ങൾ വാങ്ങുന്നതിന് 20.77 കോടി രൂപ ലഭിച്ചു.*
- ❖ *ആർദ്രം പദ്ധതിക്കായി 10 കോടി രൂപയും ഇ-ഹെൽത്ത് പദ്ധതിക്കായി 18 കോടി രൂപയും ലഭിച്ചിട്ടുണ്ട്.*

## അനുവദിച്ച തസ്തികകൾ

കഴിഞ്ഞ അഞ്ച് വർഷ കാലയളവിൽ പുതുതായി ആകെ 571 തസ്തികകൾ സൃഷ്ടിക്കപ്പെട്ടു.തസ്തികകളുടെ സംക്ഷിപ്ത വിവരണം ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | ഡോക്ടർ | 58 |
| 2 | പ്രൊഫസർ ഇൻ ഫാർമസി | 1 |
| 3 | സീനിയർ റസിഡന്റ് | 24 |
| 4 | ജൂനിയർ റസിഡന്റ് | 5 |
| 5 | ഹെഡ് നഴ്സ് | 6 |
| 6 | സ്റ്റാഫ് നഴ്സ് | 309 |
| 7 | നഴ്സിംഗ് അസിസ്റ്റന്റ് | 40 |
| 8 | ലാബ് ടെക്നീഷ്യൻ | 9 |
| 9 | ക്ലാർക്ക് ടൈപ്പിസ്റ്റ് | 1 |
| 10 | ക്ലാർക്ക് | 6 |
| 11 | അദർ അറ്റൻഡന്റ് | 1 |
| 12 | അറ്റൻഡർ | 42 |
| 13 | ലാബ് അസിസ്റ്റന്റ് | 3 |
| 14 | തിയേറ്റർ ടെക്നീഷ്യൻ | 1 |
| 15 | ഇ.സി.ജി.ടെക്നീഷ്യൻ | 3 |
| 16 | പെർഫ്യൂഷനിസ്റ്റ് | 2 |
| 17 | റേഡിയോഗ്രാഫർ | 1 |
| 18 | സാർജന്റ് | 1 |
| 19 | ഇലക്ട്രീഷ്യൻ | 1 |
| 20 | വാച്ച് മാൻ | 5 |
| 21 | ഫിസിയോതെറാപ്പിസ്റ്റ് | 1 |
| 22 | ഫാർമസിസ്റ്റ് ഗ്രേഡ് 2 | 7 |
| 23 | ലിഫ്റ്റ് ഓപ്പറേറ്റർ | 1 |
| 24 | മോർച്ചറി ടെക്നീഷ്യൻ | 1 |
| 25 | ഹോസ്പിറ്റൽ അറ്റൻഡന്റ് | 30 |
| 26 | സെക്യൂരിറ്റി | 8 |
| 27 | ബയോമെഡിക്കൽ എഞ്ചിനീയർ | 1 |
| 28 | റിഫ്രാക്ഷനിസ്റ്റ് ഗ്രേഡ് 2 | 3 |
| ആകെ | | **571** |

## അക്കാദമിക്ക് തലത്തിലെ നേട്ടങ്ങൾ

1) എം.ബി.ബി.എസ്. സീറ്റുകളുടെ എണ്ണം 200 ൽ നിന്നും 250 ആക്കി വർദ്ധിപ്പിച്ചു.
2) പി.ജി.(എം.ഡി./എം.എസ്) സീറ്റുകളുടെ എണ്ണം 218 ൽ നിന്നും 245 ആക്കി വർദ്ധിപ്പിച്ചു.

പുതുതായി ആരംഭിച്ച കോഴ്സുകളുടെ വിവരം

*1) എം.സി.എച്ച്. - റീപ്രൊഡക്ടീവ് മെഡിസിൻ ആന്റ് സർജറി - 2 സീറ്റ്*
*2) ഡി.എം. എൻഡോക്രൈനോളജി - 2 സീറ്റ്*
*3) ഡി.എം.പീഡിയാട്രിക് ന്യൂറോളജി - 2 സീറ്റ്*
*4) ഡി.എം.നിയോനാറ്റോളജി - 4 സീറ്റ്*
*5) ബി.എസ്.സി.ഡയാലിസിസ് ടെക്നോളജി - 15 സീറ്റ്*

അനുബന്ധം 3

## പുതുതായി ആരംഭിച്ച ഡിപ്പാർട്ട്മെന്റുകൾ

*1) എമർജൻസി മെഡിസിൻ & ട്രോമാകെയർ*

*സർക്കാർ മെഡിക്കൽ കോളേജിന്റെ അത്യാഹിതവിഭാഗം ഏറ്റവും ആധുനികരീതിയിൽ സജ്ജീകരിച്ച് എമർജൻസി മെഡിസിൻ എന്ന പുതിയ ഡിപ്പാർട്ട്മെന്റിന് രൂപം നൽകി. (ഉത്തരവ് നമ്പർ.സ.ഉ(കൈ)നം.196/2017/ആ.കു.വ തീയതി 29.12.2017). അപകടങ്ങളും മറ്റ് അത്യാഹിതങ്ങളും സംഭവിക്കുമ്പോൾ രോഗികളെ താമസംവിനാ വേണ്ട രോഗനിർണ്ണയം ചെയ്യുവാനും ക്ഷണനേരത്തിൽ ആവശ്യമായ സേവനങ്ങൾ നൽകുവാനും കഴിയുംവിധമാണ് പുതിയ ചികിത്സാവിഭാഗത്തിൽ സംവിധാനങ്ങൾ ക്രമീകരിച്ചിരിക്കുന്നത്.*

*2) നിയോനാറ്റോളജി*

*ഒരു മാസം വരെ പ്രായമുള്ള കുഞ്ഞുങ്ങൾക്ക് പ്രത്യേക പരിചരണം ആവശ്യമാണ്, ഇവർക്ക് മികച്ച ആരോഗ്യ പരിചരണവും വിദഗ്ദ്ധ ചികിത്സയും ഉറപ്പാക്കുന്നതിനായി ഈ പ്രായപരിധിയിലുള്ള കുഞ്ഞുങ്ങൾക്ക് മാത്രമായി എസ്.എ.റ്റി. ആശുപത്രിയിൽ നിയോനാറ്റോളജി എന്ന പുതിയ വിഭാഗത്തിന് രൂപം നൽകി.*

*3) മെഡിക്കൽ ഓങ്കോളജി*

4) സർജിക്കൽ ഓങ്കോളജി
5) ഓങ്കോ പത്തോളജി

അർബുദ ചികിത്സയ്ക്കായി മെഡിക്കൽ കോളേജിൽ റേഡിയോതെറാപ്പി വിഭാഗം മാത്രമാണ് ഉണ്ടായിരുന്നത്. ഈ വിഭാഗത്തെ അർബുദ ചികിത്സയ്ക്കുള്ള ഒരു സമഗ്രകേന്ദ്രമാക്കി വികസിപ്പിക്കുന്നതിന്റെ ഭാഗമായി മെഡിക്കൽ ഓങ്കോളജി, സർജിക്കൽ ഓങ്കോളജി, ഓങ്കോ പത്തോളജി എന്നീ വിഭാഗങ്ങൾ ആരംഭിച്ചു. (സ.ഉ.(എം.സ്) നം.225/2016/ആ.കു.വ. തീയതി 22.12.2016.

## നിർമ്മാണ പദ്ധതികൾ

❖ പൂർത്തീകരിച്ച നിർമ്മാണ പദ്ധതികൾ(അമ്പത് ലക്ഷം രൂപയ്ക്ക് മുകളിലുള്ളവ)

1) മൾട്ടി ഡിസിപ്ലിനറി റിസർച്ച് ലബോറട്ടറിയുടെയും അനിമൽ ഹൗസിന്റെയും നിർമ്മാണം - 27.55 കോടി
2) മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ പ്രവർത്തനം ആരംഭിച്ചു - 25.22 കോടി
3) മാസ്റ്റർ പ്ലാനിന്റെ ഭാഗമായുള്ള റോഡുകളുടെ നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾ - 18.60 കോടി
4) പുതിയ അത്യാഹിത വിഭാഗം - 6.99 കോടി
5) ജീവനക്കാർക്കുള്ള പാർപ്പിട സമുച്ചയ നിർമ്മാണം - 2.99 കോടി
6) പ്രധാന ആശുപത്രി കെട്ടിടത്തിലെ വാർഡ് ഏഴിന് മുകളിൽ വെർട്ടിക്കൽ എക്സ്പാൻഷൻ - 2.25 കോടി
7) പുതിയ എൻഡോക്രൈനോളജി വാർഡിന്റെ നിർമ്മാണം - 1.70 കോടി
8) പ്രധാന ആശുപത്രി കെട്ടിടത്തിലെ വാർഡ് അഞ്ചിന് മുകളിൽ വെർട്ടിക്കൽ എക്സ്പാൻഷൻ - 1.12 കോടി
9) പി.ഐ.പി.എം.എസ്. വനിതാപാർപ്പിട സമുച്ചയത്തിന്റെ മൂന്നാം നില നിർമ്മാണം - 1 കോടി രൂപ
10) കോളേജിൽ നിന്നും പ്രധാന കവാടം വരെയുള്ള നടപ്പാതയുടെ നിർമ്മാണം - 1 കോടി
11) മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്കിലേക്കുള്ള റോഡ് നിർമ്മാണം - 1 കോടി
12) പരീക്ഷാഹാൾ നിർമ്മാണം ഫാർമസി കോളേജ് (സി.പി.എസ്.) - 1 കോടി രൂപ
13) ഡീ അഡിക്ഷൻ സെന്ററിന്റെ മുകളിലത്തെ നില നിർമ്മാണം - 94 ലക്ഷം രൂപ
14) വിദ്യാർത്ഥികൾക്കുള്ള വാഹന പാർക്കിംഗ് സംവിധാനം - 80 ലക്ഷം രൂപ
15) എം.എൽ.റ്റി.ബ്ലോക്കിന് മുകളിൽ രണ്ടാം നിലയുടെ നിർമ്മാണം - 80 ലക്ഷം രൂപ

16 വെർട്ടിക്കൽ എക്സ് പാൻഷൻ ഓഫ് മെയിൻ ഹോസ്പിറ്റൽ ബിൽഡിംഗ് എബോവ് വാർഡ് 5 (GMCH TVM) 1180000

17 പാങ്ങപ്പാറ ഹെൽത്ത് സെന്ററിന്റെ ചെറുവക്കൽ സബ് സെന്ററിന് പുതിയ കെട്ടിടം- 10000000

പൂർത്തീകരിച്ച നവീകരണ പദ്ധതികൾ (അമ്പത് ലക്ഷം രൂപയ്ക്ക്

മുകളിലുള്ളവ)

1) പി.ഐ.പി.എം.എസ്.ഹോസ്റ്റലുകളുടെ നവീകരണം - 1 കോടി രൂപ

2) ആൺകുട്ടികളുടെ പാർപ്പിട സമുച്ചയ നവീകരണം - 1.55 കോടി രൂപ

3) റേഡിയോതെറാപ്പി വിഭാഗത്തിന്റെ നവീകരണം - 2.50 കോടി രൂപ

4) ക്യാമ്പസ് റോഡുകളുടെ നവീകരണം - 3.70 കോടി രൂപ

5) അക്കാദമിക്ക് ബ്ലോക്കിന്റെ നവീകരണം - 2 കോടി രൂപ

6) ആൺകുട്ടികളുടെ പാർപ്പിടസമുച്ചയം നാലിന്റെ നവീകരണം - 2 കോടി രൂപ

7) പത്തോളജി ബ്ലോക്കിന്റെ നവീകരണം - 2 കോടി രൂപ

8) ആൺകുട്ടികളുടെ പി.ജി. ഹോസ്റ്റലിന്റെ നവീകരണം - 1.50 കോടി രൂപ

9) ലിംബ് സെന്ററിന്റെ നവീകരണം - 90 ലക്ഷം

10) വക്കം ഹെൽത്ത് സെന്ററിന്റെ നവീകരണം - 1.10 കോടി രൂപ

11) വാർഡ് 22 ന്റെ നവീകരണം - 70 ലക്ഷം

12) സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിലെ ടോയിലറ്റുകളുടെ നവീകരണം - 2.50 കോടി രൂപ

13) ആൺകുട്ടികളുടെ പാർപ്പിട സമുച്ചയം രണ്ടിന്റെ നവീകരണം - 1.40 കോടി രൂപ

14) വാർഡ് 22 ന് സമീപമുള്ള മുറികളുടെ നവീകരണം - 55 ലക്ഷം

15) ബയോകെമിസ്ട്രി വിഭാഗ നവീകരണം - 56 ലക്ഷം

## മാസ്റ്റർപ്ലാൻ

പദ്ധതിയുടെ ആകെ തുക - 717.29 കോടി രൂപ

ആദ്യ ഘട്ടം 58.37 കോടി രൂപ

| പ്രധാന പ്രവർത്തികൾ | തുക | നിലവിലെ സ്ഥിതി |
|---|---|---|
| റോഡ് വികസനം | 18.60 കോടി | പൂർത്തീകരിച്ചു |
| ഫ്ളൈ ഓവർ നിർമ്മാണം | 12.31 കോടി | പൂർത്തീകരിച്ചു |
| മൾട്ടിലെവൽ കാർ പാർക്കിംഗ് | 25.28 കോടി | ടെൻഡർ നടപടികൾ പുരോഗമിക്കുന്നു |
| ഇലക്ട്രിക്കൽ വർക്ക്സ് | 2.18 കോടി | പൂർത്തീകരിച്ചു |
| ആകെ | 58.37 കോടി | |

അനുബന്ധം 5

❖ 23 കോടി രൂപ ചെലവിൽ എൻ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് എസ്.എ.റ്റി. ആശുപത്രിയുടെ മാതൃശിശു മന്ദിരത്തിന് മുകളിൽ രണ്ട് നിലകളുടെ നിർമ്മാണം പൂർത്തിയായി വരുന്നു.

## കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിലായി അനുവദിക്കപ്പെട്ട പ്രധാന ഉപകരണങ്ങൾ (അമ്പത് ലക്ഷം രൂപയ്ക്ക് മുകളിലുളളവ)

| ക്രമ നം. | വകുപ്പ് | ഉപകരണത്തിന്റെ പേര് | അനുവദിക്കപ്പെട്ട തുക |
|---|---|---|---|
| 2016–2017 | | | |
| 1 | റേഡിയോതെറാപ്പി | ടെലികൊബാൾട്ട് മെഷീൻ | 2 കോടി 80 ലക്ഷം |
| 2 | പീഡിയാട്രിക് കാർഡിയോളജി | കാത്ത് ലാബ് | 5 കോടി 95 ലക്ഷം |
| 3 | റേഡിയോ തെറാപ്പി | ലിനിയർ ആക്സിലറേറ്റർ (ലിനാക്ക്) | 18 കോടി |
| 2017–2018 | | | |
| 1 | റേഡിയോഡയഗ്നോസിസ് | ഡി.എസ്.എ. | 6 കോടി |
| 2 | റേഡിയോഡയഗ്നോസിസ് | എക്സ് റേ ഡിജിറ്റൽ ഫ്ളൂറോസ്കോപ്പി | 65 ലക്ഷം |
| 3 | ട്രാൻസ്ഫ്യൂഷൻ മെഡിസിൻ | റെഫ്രിജറേറ്റർ സെൻട്രിഫ്യൂജ് | 56 ലക്ഷം |
| 4 | ന്യൂറോ സർജറി | ഓപ്പറേറ്റിംഗ് മൈക്രോസ്കോപ്പ് | 67 ലക്ഷം |
| 5 | കാർഡിയോവാസ്ക്കുലർ തൊറാസിക്ക് സർജറി | ലൈവ് 4ഡി എക്കോ കാർഡിയോഗ്രാഫി സിസ്റ്റം | 52 ലക്ഷം |
| 2018–2019 | | | |
| 1 | സർജിക്കൽ ഗ്യാസ്ട്രോ | അൾട്രാസോണിക്ക് സക്ഷൻ ആസ്പിറേറ്റർ | 50.40 ലക്ഷം |
| 2 | റേഡിയോതെറാപ്പി | സി.റ്റി.സിമുലേറ്റർ | 4 കോടി |
| 2019–2020 | | | |
| 1 | ന്യൂറോളജി | കാത്ത് ലാബ് (ഡി.എസ്.എ) | 4.92 കോടി |
| 2 | ഗൈനക്കോളജി | 3 ഡി ലാപ്രോസ്കോപ്പിക്ക് സെറ്റ് | 61.74 ലക്ഷം |
| 3 | ഗൈനക്കോളജി | യു.എസ്.ജി. അൾട്രാസൗണ്ട് മെഷീൻ | 75 ലക്ഷം |
| 4 | റീ പ്രൊഡക്ടീവ് മെഡിസിൻ | ഹൈ എൻഡ് അൾട്രാസൗണ്ട് | 70 ലക്ഷം |
| 2020–2021 (സെപ്റ്റംബർ വരെ) | | | |
| 1 | ജനറൽ മെഡിസിൻ | വെന്റിലേറ്ററുകൾ | 91.22 ലക്ഷം |

## ആർദ്രം

കേരളത്തിന്റെ ആരോഗ്യ മേഖലയുടെ സമഗ്ര പുരോഗതിക്കായുള്ള കേരള സർക്കാരിന്റെ രോഗീ സൗഹൃദ ആശുപത്രി സംരംഭമാണ് ആർദ്രം ദൗത്യം. ജന പ്രിയ സർക്കാർ പദ്ധതികളിൽ ഉൾപ്പെട്ട ആർദ്രം പദ്ധതിക്ക് 10 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. പ്രാഥമികാരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള ആശുപത്രികളെ രോഗീ സൗഹൃദമാക്കി ഗുണമേന്മയുള്ള ആരോഗ്യ സേവനം ലഭ്യമാക്കുക സർക്കാർ ആശുപത്രികളിലെ ചികിത്സാ സൗകര്യം വർധിപ്പിക്കുക, പൊതുജനങ്ങൾക്ക് പരമാവധി സൗജന്യ ചികിത്സ ഉറപ്പുവരുത്തുക എന്നിവയാണ് ആർദ്രത്തിലൂടെ ലക്ഷ്യമിടുന്നത്.

ഒ.പി. സംവിധാനങ്ങളുടെ നവീകരണം, ജില്ലാതാലൂക്കുതല ആശുപത്രികളുടെ നിലവാരം ഏകീകരണം, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തൽ, വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ഭാഗമായി ആരോഗ്യ നിർണയ ഘടകങ്ങളുടെ പരിഹാരത്തിനും ആരോഗ്യ രംഗത്തെ ഫലപ്രദമായ ഇടപെടലിനുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സജ്ജമാക്കാനുള്ള കൂട്ടായ പ്രവർത്തനങ്ങൾ എന്നീ നാല് പ്രധാന ഘടകങ്ങൾ ഉൾക്കൊള്ളുന്നതാണ് ആർദ്രം പദ്ധതി.

### എസ്.എ.റ്റി.ആശുപത്രി

പീഡിയാട്രിക്സ്

1) ഓ.പി.കൺസൾട്ടേഷൻ റൂമുകൾ പുതുതായി പെയിന്റ് ചെയ്യുകയും എയർകണ്ടിഷൻ ചെയ്ത് ശീതീകരിക്കുകയും പുതിയ ടൈൽ പാകുകയും ചെയ്തിട്ടുണ്ട്.
2) നവീകരിച്ച പീഡിയാട്രിക് കാഷ്വാൽറ്റി പ്രവർത്തനസജ്ജമായിട്ടുണ്ട്.

ഗൈനക്കോളജി

1) രോഗികൾക്ക് ഇരിക്കാൻ ആവശ്യത്തിന് സ്ഥലവും, എയർപോർട്ട് കസേരകളും സജ്ജീകരിച്ചു.
2) ശീതീകരിച്ച കുടിവെള്ളം ലഭ്യമാക്കി.
3) രണ്ട് സ്നാക്ക്സ് ക്യാന്റീനുകൾ ഒരുക്കി.
4) കൺസൾട്ടേഷൻ മുറികൾ ശീതീകരിച്ചു.
5) രോഗപ്രതിരോധ നടപടികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്ക്കരിക്കുന്നതിനും മാനസികോല്ലാസത്തിനുമുള്ള പരിപാടികൾ സംപ്രേഷണം ചെയ്യുന്നതിനുമായി ടി.വി.കൾ സ്ഥാപിച്ചു.
6) ഓരോ ഓ.പി.യിലേക്കും തെറ്റാതെ പോകുവാൻ പ്രത്യേക നിറങ്ങളോട് കൂടിയ അടയാളങ്ങൾ (ചിഹ്നങ്ങൾ) സ്ഥാപിച്ചു.

7) രോഗികൾക്കും, കൂട്ടിരിപ്പുകാർക്കുമുള്ള ടോയിലറ്റുകൾ തയ്യാറാക്കി,

## മെഡിക്കൽ കോളേജ് ആശുപത്രി

1) ആർദ്രം പദ്ധതിയുടെ പ്രവർത്തനങ്ങൾ പൂർത്തിയായി. എയർപോർട്ട്ചെയർ, റാമ്പ്, പെയിന്റിംഗ്, ആർട്ട് വർക്ക്, പി.എ.സിസ്റ്റം തുടങ്ങിയ പ്രവർത്തികൾ പൂർത്തിയായി. വാട്ടർ പ്യൂരിഫയർ, സൈനേജസ്, ടോയ്‌ലറ്റ്, എന്റർടൈൻമെന്റ് സിസ്റ്റം, നഴ്സിംഗ് സ്റ്റേഷൻ എന്നിവ സജ്ജീകരിച്ചിട്ടുണ്ട്.
2) പൊതുജന ഉപയോഗത്തിനായി വാട്ടർ പ്യൂരിഫയറുകൾ സ്ഥാപിച്ചു.
3) 17 നഴ്സിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചു.
4) രോഗപ്രതിരോധ നടപടികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്ക്കരിക്കുന്നതിനും മാനസികോല്ലാസത്തിനുമുള്ള പരിപാടികൾ സംപ്രേഷണം ചെയ്യുന്നതിനുമായി ആശുപത്രി ഒ.പിയിൽ ടി.വി.കൾ സ്ഥാപിച്ചു.
5) സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിൽ പബ്ലിക് ടോയിലറ്റുകൾ സ്ഥാപിച്ചു.
6) കാർഡിയോളജി, പ്രിവന്റീവ് ക്ലിനിക്ക്, പ്ലാസ്റ്റിക് സർജറി, റെസ്പിറേറ്ററി മെഡിസിൻ, ഓർത്തോ, റേഡിയോതെറാപ്പി, എൻഡോക്രൈനോളജി, ഫിസിക്കൽ മെഡിസിൻ ഡിപ്പാർട്ട്മെന്റുകളിൽ ക്യൂ മാനേജ്മെന്റ് സമ്പ്രദായം ആരംഭിച്ചു.

"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ
ആരോഗ്യവിദ്യാഭ്യാസ വകുപ്പ്
ഗവ. റ്റി.ഡി. മെഡിക്കൽ കോളേജ്, ആലപ്പുഴ-5.

തീയതി : 09/01/2023

നമ്പർ: എ7/6508/2012/ജി.റ്റി.ഡി.എം.സി.എ

ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് മേധാവി
ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് കാര്യാലയം
തിരുവനന്തപുരം

സർ,

വിഷയം:- ജി.റ്റി.ഡി.എം.സി.എ. - അക്കൗണ്ട്സ് - 2016-17 മുതൽ നടപ്പു സാമ്പത്തിക വർഷംവരെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലപ്പുഴ മെഡിക്കൽ കോളേജിൽ നടപ്പാക്കിയ വികസനപ്രവർത്തനങ്ങൾ - സംബന്ധിച്ച്:-

സൂചന:- 28/01/2022-ാം തീയതിയിലെ പി6/6346/2021/ഡി.എം.ഇ. നമ്പർ പ്രകാരം മെഡിക്കൽ വിദ്യാഭ്യാസവകുപ്പ് മേധാവിയുടെ കത്ത്

മേൽ സൂചന പ്രകാരം 2016-2017 സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പു സാമ്പത്തിക വർഷം വരെ ആലപ്പുഴ മെഡിക്കൽ കോളേജിൽ നടപ്പിലാക്കിയ പ്രധാന വികസനപ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള വിശദമായ റിപ്പോർട്ട് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

- **സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് (പി.എം.എസ്.എസ്.വൈ പദ്ധതി)**

  പി.എം.എസ്.എസ്.വൈ പദ്ധതി പ്രകാരം 120 കോടി രൂപയുടെ കേന്ദ്ര വിഹിതവും, 53.18 കോടി രൂപയുടെ സംസ്ഥാന വിഹിതത്തോടു കൂടിയും സൂപ്പർസ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മാണം പൂർത്തിയാക്കി 21/01/2023-ൽ ഉദ്ഘാടനം നടത്തിയിട്ടുള്ളതാണ്. ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ് (HITES) മുഖേനെയാണ് ഇതിന്റെ നിർമ്മാണ പ്രവർത്തനവും, ഉപകരണങ്ങൾവാങ്ങുന്നത് ഉൾപ്പെടെയുള്ള മറ്റ് പ്രവൃത്തികളും നടത്തിയിട്ടുള്ളത്. ഇതിലേക്കാവശ്യമായ 80% ഉപകരണങ്ങളും ലഭ്യമായിട്ടുണ്ട്. ഈ പ്രോജക്റ്റിന്റെ ഭാഗമായി ജീവനക്കാരുടെ പോസ്റ്റ് ക്രിയേഷൻ,

പ്ലാസ്റ്റിക്സർജി ഡിപ്പാട്ട്മെന്റ് രൂപീകരണം, 15 പി. ജി, സീറ്റ് ഇവ സാദ്ധ്യമാക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു.

❖ **അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് – കം – സെൻട്രൽ ലൈബ്രറി**

ആലപ്പുഴ ഗവ. റ്റി. ഡി. മെഡിക്കൽ കോളേജിൽ മൂന്ന് നിലകളിലായി 5206 സ്ക്വയർ മീറ്റർ വിസ്തൃതിയിൽ മൂന്നു നിലകളിലായി അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് – കം – സെൻട്രൽ ലൈബ്രറി നിർമ്മിക്കുന്നതിനായ് പി.ഡബ്ള്യൂ.ഡി-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിർമ്മാണത്തിലേക്കായി ഈ കാലയളവിൽ ആകെ 18,81,72,483/- രൂപ അനുവദിച്ച് തുക പി.ഡബ്ള്യൂ.ഡി ശീർഷകത്തിൽ നിക്ഷേപിച്ചിട്ടുള്ളതാണ്. ലൈബ്രറി , ഇലക്ട്രോണിക്സ് ലൈബ്രറി എന്നിവയുടെ പ്രവർത്തനത്തിനായുള്ള ഗ്രൗണ്ട് ഫ്ളോർ, ഒന്നാംനില, എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതാകുന്നു. ഓഫീസ് പ്രവർത്തിപ്പിക്കുന്നതിനുള്ള രണ്ടാം നിലയുടെ സിവിൽ വർക്കുകൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. രണ്ടാം നിലയുടെ 90% ഇലക്ട്രിക്കൽ വർക്കുകളും, നടന്നുകഴിഞ്ഞിട്ടുള്ളതാണ്. മൂന്ന് നിലകൾ പൂർത്തിയാക്കി ഉപയോഗയോഗ്യമാക്കുന്നതിനായി ടി പദ്ധതി ബഹു. മുഖ്യമന്ത്രിയുടെ നൂറ്ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാകുന്നു.

❖ **നബാർഡ്-ന്റെ ധനസഹായത്തോടെ ഒ&ജി ബ്ലോക്ക്**

നബാർഡ് ധനസഹായത്തോടെ ആലപ്പുഴ ഗവ.റ്റി.ഡി.മെഡിക്കൽ കോളേജ് ആശുപത്രിയിൽ 1/11/2011-ൽ അഞ്ച് നിലകളിലായി ഒ & ജി ബ്ലോക്ക് നിർമ്മാണം ആരംഭിച്ചിട്ടുള്ളതാണ്. ഇതിലേക്ക് 07/02/2017-ലെ ജി.ഒ.(ആർ.റ്റി.) നം. 336/2017/ എച്ച് & എഫ്. ഡബ്ള്യൂ.ഡി ഉത്തരവിൻ പ്രകാരം 30 കോടി രൂപ അനുവദിച്ചിട്ടുള്ളതാണ്. ഇതിൽ 4.50 കോടി രൂപ സംസ്ഥാന വിഹിതമാണ്. കൂടാതെ എൻ.എച്ച്.എം-ന്റെ ലക്ഷ്യ പദ്ധതി, കെ.എച്ച്.ആർ.ഡബ്ള്യൂ.എസ് എന്നിവരുടെ സഹകരണത്തോടുകൂടിയും നിർമ്മാണം നടന്നു വരുന്നു. നിലവിൽ 5 നിലകളുടെ structural work പൂർത്തീകരിച്ചിട്ടുള്ളതാണ്. പ്രസ്തുത കെട്ടിടം 100 ദിന പരിപാടിയിൽ ഉൾപ്പെടുത്താവുന്നതാണ്.

❖ **ക്യാന്റീൻ കം ഗസ്റ്റ് റൂം**

ക്യാന്റീൻ കം ഗസ്റ്റ് റൂം കെട്ടിടത്തിന്റെ ഒന്നാം ഘട്ട നിർമ്മാണത്തിന് ആദ്യഗഡുവായി 1,00,00,000/- രൂപ അനുവദിച്ചതിൻപ്രകാരം, കെട്ടിട

നിർമ്മാണം പൂർത്തീകരിക്കുകയുണ്ടായി. രണ്ടാം ഘട്ട നിർമ്മാണത്തിന് 1 കോടി രൂപ അനുവദിച്ചിട്ടുള്ളതും, നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതും, കെട്ടിടം നിലവിൽ ഉദ്ഘാടന സജ്ജവുമാണ്.

- **സ്യൂവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് (STP) അറ്റകുറ്റപ്പണികൾ – പുനരുദ്ധാരണ പ്രവൃത്തി**

  ആലപ്പുഴ ഗവ. റ്റി. ഡി. മെഡിക്കൽ കോളേജ് ആശുപത്രിയിൽ സ്ഥാപിച്ചിട്ടുള്ള സ്യൂവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ (STP) അറ്റകുറ്റപ്പണികൾക്കും പുനരുദ്ധാരണ പ്രവൃത്തികൾക്കുമായി 1,09,29,587/- രൂപയ്ക്ക് (രൂപ ഒരു കോടി ഒമ്പത് ലക്ഷത്തി ഇരുപത്തി ഒമ്പതിനായിരത്തി അഞ്ഞൂറ്റി എൺപത്തിയേഴ് മാത്രം) അനുവദിച്ച് ഉത്തരവാകുകയും; പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതുമാകുന്നു ഇതും 100 ദിന പരിപാടിയിൽ ഉൾപ്പെടുത്താവുന്നതാണ്.

- **ട്രോമാ കെയർ യൂണിറ്റ്**

  സംസ്ഥാന സർക്കാർ പുതിയ ട്രോമാകെയർ ബ്ലോക്കിനായി 29,47,27,454 രൂപ അനുവദിച്ചുണ്ട്. ഈ തുക പൊതുമാരാമത്ത് വകുപ്പിന്റെ ശീർഷകത്തിലാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. അഞ്ചുനിലകളിലായി നിർമ്മാണം പൂർത്തീകരിക്കുന്നതിന് പ്രോപ്പോസൽ സമർപ്പിച്ചുവെങ്കിലും, നിലവിൽ മൂന്ന് നിലകളുടെ നിർമ്മാണമാണ് നടന്നുകൊണ്ടിരിക്കുന്നത്. പി.എം.എസ്.വൈ–യുടെ ഉദ്ഘാടനവുമായി ബന്ധപ്പെട്ട് ട്രോമാകെയറിന്റെ നിർമ്മാണം ദ്രുതഗതിയിൽ നടപ്പാക്കുന്നതിന് ബഹു. മുഖ്യമന്ത്രിയുടെ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ആയതിനാൽ നിലവിൽ ലഭ്യമായ 8 കോടി രൂപയിൽ ലിഫ്റ്റ് ഉൾപ്പെടുത്തി 2024 ജനുവരിയോടുകൂടി മൂന്ന് നിലകളുടേയും നിർമ്മാണം പൂർത്തിയാക്കുമെന്ന് പി.ഡബ്ള്യൂ.ഡി. അറിയിച്ചു

- **പാരാമെഡിക്കൽ വിദ്യാർത്ഥികൾക്ക് ലക്ചർഹാൾ–കോമൺറൂം, ടൊയ്‌ലെറ്റ്**

  പാരാമെഡിക്കൽ വിദ്യാഭ്യാസ ശാക്തീകരണം നടപ്പാക്കുന്നതിന്റെ ഭാഗമായി 2017–18 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി ആലപ്പുഴ ഗവ.റ്റി.ഡി.മെഡിക്കൽ കോളേജിലെ പാരാമെഡിക്കൽ വിദ്യാർത്ഥികൾക്കായി ലക്ചർഹാൾ, കോമൺറും, ടൊയ്‌ലെറ്റ് ബ്ലോക്ക് എന്നിവ നിർമ്മിക്കുന്നതിലേക്ക് 14/09/2017–ലെ ജി. ഒ. (ആർ.റ്റി.) നം. 2487/2017/ എച്ച് & എഫ്. ഡബ്ള്യൂ.ഡി ഉത്തരവിൻ പ്രകാരം **40 ലക്ഷം രൂപയുടെ** ഭരണാനുമതി ലഭിച്ചിട്ടുള്ളതാണ്. ഒന്നാം ഘട്ട നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതും പ്രസ്തുത കെട്ടിടം

പഠനസൗകര്യാർത്ഥം കൈമാറിയിട്ടുള്ളതുമാകുന്നു. രണ്ടാം ഘട്ട നിർമ്മാണത്തിന് 04/08/2021-ലെ ജി. ഒ. (ആർ.റ്റി.) നം. 1661/2021/ എച്ച് & എഫ്. ഡബ്ള്യൂ.ഡി ഉത്തരവിൻ പ്രകാരം രണ്ടാം ഘട്ട നിർമ്മാണത്തിന് 30 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതും. നിർമ്മാണത്തിന്റെ അവസാനഘട്ട പ്രവൃത്തികൾ നടന്നുവരുന്നു.

❖ **കോംപ്രഹെൻസീവ് സ്ട്രോക്ക് സെന്റർ** **രൂപ. 5,00,00,000/-**

ആലപ്പുഴ ഗവ.റ്റി.ഡി.മെഡിക്കൽ കോളേജ് ആശുപത്രിയിൽ മൂന്ന് നിലകളിലായി ഒരു സ്ട്രോക്ക് യൂണിറ്റ് സ്ഥാപിക്കുന്നതിന് 2020-21 പ്ലാൻ പദ്ധതയിൽ ഉൾപ്പെടുത്തി 06/09/2020-ലെ ജി. ഒ. (ആർ.റ്റി.) നം. 1619/2020/ എച്ച് & എഫ്. ഡബ്ള്യൂ.ഡി ഉത്തരവിൻ പ്രകാരം **5 കോടി രൂപ**യുടെ ഭരണാനുമതി ലഭിച്ചിട്ടുള്ളതാണ്. നിർമ്മാണം ആരംഭിക്കുന്നതിന് പ്രസ്തുത തുക പി. ഡബ്ള്യൂ.ഡി. ശീർഷകത്തിൽ നിക്ഷേപിച്ചിട്ടുള്ളതാണ്. നിർമ്മാണത്തോടനുബന്ധിച്ച് പി.ഡബ്ള്യൂ.ഡി. സെൻട്രൽ ആർകിടെക്ച്ചറൽ വിഭാഗം പ്ലാൻ തയ്യാറാക്കുകയും, നിർമ്മാണം ആരംഭിക്കുന്നതിന് പ്ലാൻ അംഗീകരിച്ച് പി. ഡബ്ല്യൂ.ഡി വിഭാഗത്തിന് കൈമാറിയിട്ടുള്ളതുമാണ്.

❖ **ഓങ്കോളജി ബ്ലോക്ക്** **രൂപ. 3,20,00,000/-**

മിനി ആർ. സി. സി. മാതൃകയിൽ ആലപ്പുഴ മെഡിക്കൽ കോളേജിനോടനുബന്ധിച്ച് ക്യാൻസർ രോഗികൾക്കായി ഒരു ഓങ്കോളജി ബ്ലോക്ക് നിർമ്മിക്കുന്നതിന് സർക്കാർ നിർദ്ദേശിക്കുകയുണ്ടായി. മെഡിക്കൽ ഓങ്കോളജി, റേഡിയേഷൻ ഓങ്കോളജി, സർജ്ജിക്കൽ ഓങ്കോളജി എന്നീ സ്പെഷ്യലിറ്റികൾ ഉൾപ്പെടുത്തി അഞ്ച് നിലകളിലായി മിനി ആർ. സി. സി. നിലവാരത്തിൽ ഒരു ഓങ്കോളജി ബ്ലോക്ക് നിർമ്മിക്കുന്നതിന് 1,75,050 സ്ക്വയർ ഫീറ്റ് വിസ്ത്രിതിയിൽ വിശദമായ പ്ലാൻ തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത നിർമ്മാണങ്ങളുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 2017-18 പ്ലാൻപദ്ധതയിൽ ഉൾപ്പെടുത്തി 28/03/2018-ലെ ജി. ഒ. (ആർ.റ്റി.) നം. 1053/2018/ എച്ച് & എഫ്. ഡബ്ള്യൂ.ഡി ഉത്തരവിൻ പ്രകാരം **3.20 കോടി രൂപ**യുടെ ഭരണാനുമതി ലഭിച്ചിട്ടുള്ളതാണ്.. നിർമ്മാണം ആരംഭിക്കുന്നതിന് പ്രസ്തുത തുക പി. ഡബ്ള്യൂ.ഡി.

ശീർഷകത്തിൽ നിക്ഷേപിച്ചിട്ടുള്ളതാണ്. നിലവിൽ പ്രാരംഭ പ്രവൃത്തികൾ നടപ്പാക്കിവരുന്നു.

- ❖ പേ വാർഡ്

പേ വാർഡ് നിർമ്മാണത്തിനായ് 4,86,75,542/- രൂപയുടെ പി.ഡബ്ള്യൂ.ഡി ശീർഷകത്തിൽ സർക്കാർ നിക്ഷേപിച്ചിട്ടുള്ളതാണ്. പേ വാർഡ് നിർമ്മാണത്തോടനുബന്ധിച്ച് പി.ഡബ്ള്യൂ.ഡി ആർകിടെക്ച്ചറൽ വിഭാഗം ഡ്രോയിംഗ് തയ്യാറാക്കിനൽകിയിട്ടുള്ളതാണ്. പ്ലാൻ അംഗീകരിച്ച് നിർമ്മാണം ആരംഭിക്കുന്നതിന് പി. ഡബ്ള്യു. ഡി വിഭാഗത്തിലേക്ക് തിരികെ അയച്ചിട്ടുള്ളതാണ്.

- ➢ ആദർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി 278.95 ലക്ഷം രൂപ മുതൽ മുടക്കി ഒ. പി. നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി
- ➢ 3 കോടിരൂപ മുതൽ മുടക്കിൽ 180 സീറ്റിംഗ് കപ്പാസിറ്റിയിലുള്ള 2 ഗ്യാലറി ടൈപ്പ് ലക്ചർ ഹാളുകൾ നിർമ്മിച്ചു
- ➢ അസറ്റ്മെയിന്റൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി മെഡിക്കൽ കോളേജ് ആശുപത്രിയിലെ പഴയബ്ലോക്കിന്റെ നവീകരണം 2.14 കോടി രൂപ മുതതൽ മുടക്കിൽ പൂർത്തീകരിച്ചു.
- ➢ പോസ്റ്റുഗ്രാജുവേറ്റ് വിദ്യാർത്ഥികൾക്കായുള്ള ഫ്ളാറ്റ് ടൈപ്പ് റസിഡന്റ്ഷ്യൽ ക്വാർട്ടേഴ്സ് 25 കോടി രൂപ മുതൽ മുടക്കിൽ നിർമ്മിച്ചു.
- ➢ രോഗീസൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി ടൊയ്ലെറ്റ് ബ്ലോക്ക് നവീകരണത്തിനായി 10.6 ലക്ഷം രൂപയും, ആശുപത്രി പരിസരം സി.സി.ടീ.വി നിരീക്ഷണത്തിൽ ആക്കുന്നതിനായി 79.91 ലക്ഷം രൂപ മുതൽ മുടക്കി 160 നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. പാസ്സേജുകൾ നിർമ്മിക്കുന്നതിനായി 70 ലക്ഷം രൂപയും, ഡൈനിംഗ് ഏരിയ സജ്ജീകരിക്കുന്നതിനായി 3.76 ലക്ഷം രൂപയും ഉപയോഗിച്ച് പദ്ധതി നിർവ്വഹണം പൂർത്തീകരിച്ചിട്ടുണ്ട്.
- ➢ മെഡിക്കൽ കോളേജ്, വയോജന-അംഗപരിമിത സൗഹൃദപ്രദമാക്കുന്നതിന്റെ ഭാഗമായി 60 ലക്ഷം രൂപ മുതൽമുടക്കി പഴയ ബ്ലോക്കിൽ ഒരു ലിഫ്റ്റിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിരിക്കുന്നു. 40 ലക്ഷം രൂപ മുതൽ മുടക്കി

ക്യാമ്പസിൽ റാമ്പിന്റെ നിർമ്മാണം പൂർത്തീകരിച്ചിരിക്കുന്നു. 25 ലക്ഷം രൂപ മുതൽമുടക്കി ശുചിമുറികൾ, സ്റ്റെപ്പുകളിലും ഹാൻഡ്റെയിൽസ് സ്ഥാപിച്ചു. കൂടാതെ 50 ലക്ഷം രൂപമുതൽ മുടക്കി റെസ്റ്റ് റൂം കം ടൊയ്ലെറ്റ് സ്ഥാപിക്കുന്നതിന് പി. ഡബ്ല്യൂ.ഡി ശീർഷകത്തിൽ ഫണ്ട് നിക്ഷേപിച്ചിട്ടുള്ളതുമാണ്.

- ഓട്ടിസം സെന്ററിനായി 8.28 ലക്ഷം രൂപ അനുവദിക്കപ്പെട്ടിട്ടുണ്ട്. കരാർ അടിസ്ഥാനത്തിൽ ജീവക്കാരെ നിയമിച്ച് ഓട്ടിസം ബാധിച്ച കുട്ടികളുടെ ക്ഷേമപ്രവൃത്തികൾ ഇതിലൂടെനടന്നു വരുന്നു.
- കോവിഡ് പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി 37 ലക്ഷം രൂപ മുതൽ മുടക്കി നെഗറ്റീവ് പ്രഷർ സിസ്റ്റം സ്ഥാപിച്ചിട്ടുണ്ട്. രോഗീ സൗഹൃദം അന്തരീക്ഷം ഉറപ്പിക്കുന്നതിനായി അനുവദിച്ച പദ്ധതിയിൽ ഉൾപ്പെടുത്തി 33 ലക്ഷം രൂപയും, മറ്റു ശീർഷകങ്ങളിൽ നിന്നും 12 ലക്ഷം രൂപയും, എൻ. എച്ച്. എം. വഴി ലഭിച്ച തുകയും മറ്റും ഉപയോഗിച്ച് ഓക്സിജൻ പൈപ്പ് ലൈനുകൾ സ്ഥാപിച്ചതുവഴി 93 ഓക്സിജൻ കിടക്കളിൽ നിന്നും 923 ഓക്സിജൻ കിടക്കകളാക്കി മാറ്റിയിട്ടുണ്ട്. മൈക്രോബയോളജി വിഭാഗത്തിന്റെ കീഴിൽ ട്രൂനാറ്റ്, പി. സി. ആർ. ലാബ് എന്നിങ്ങനെ കോവിഡ് രോഗനിർണ്ണയ സംവിധാനം സ്ഥാപിച്ചു. കോവിഡുമായി ബന്ധപ്പെട്ട് വെന്റിലേറ്റർ, മൾട്ടിപാരമോണിറ്റർ, സെൻട്രൽ ഓക്സിജൻ സംവിധാനം എന്നിവയോടുകൂടി പൂർണ്ണമായി ശീതികരിച്ച 15 കിടക്കകളോടുകൂടിയ ഐ.സി.യു എന്നിവ നിർമ്മിച്ചിട്ടുണ്ട്. ഇതിനു പുറമേ കോവിഡ് സമയത്ത് 60 ബഡ് കോവിഡ് ഐ.സി.യു-വും പ്രവർത്തനസജ്ജമായിരുന്നു.

**പുതുതായി വാങ്ങിയ യന്ത്ര സാമഗ്രികൾ**

- എം.ആർ.ഐ, സ്കാനർ – 8.75 കോടി
- സി. റ്റി. സ്കാൻ മെഷീൻ – 2.54 കോടി
- സി. റ്റി. സിമ്യുലേറ്റർ – 3.48 കോടി
- എച്ച്. ഡി. യു. എസ്. ജി മെഷീൻ – 50 ലക്ഷം
- ഇലക്ട്രോ ഫിസിയോളജി യൂണിറ്റ് – 44 ലക്ഷം
- എക്കോമെഷീൻ – 24 ലക്ഷം

➢ റ്റി. എം. റ്റി മെഷീൻ – 24 ലക്ഷം

➢ സി ആം – 44 ലക്ഷം

➢ പവർലോൺട്രി – 30 ലക്ഷം

➢ ഇ.സി.എം. ഒ. മെഷീൻ – 24.88 ലക്ഷം

➢ ഫുള്ളി ഓട്ടോമേറ്റഡ് ഇമ്മ്യൂണോ അസേ അനലൈസർ – 20 ലക്ഷം

➢ എൻ.ഡി, യാഗ്ലൈസർ – 22 ലക്ഷം

➢ ഇ. എം. ജി. മെഷീൻ – 12 ലക്ഷം

➢ വീഡിയോ പ്രൊസ്സസർ & ലൈറ്റ് സോഴ്സ് – 14.13 ലക്ഷം

➢ ഡീപ്പ് ഫ്രീസർ – 12.62 ലക്ഷം

➢ 3 ഡി ലാപ്രോസ്കോപ്പിക് ക്യാമറ & എക്യുപ്മെന്റ് – 90 ലക്ഷം

➢ 3 ഡി , 4 ഡി. എക്കോ മെഷീൻ – 72.38 ലക്ഷം

➢ വീഡിയോ ഗ്യാസ്ട്രോ സ്കോപ്പ്, കൊളോണോ സ്കോപ്പ്
വീഡിയോ പ്രോസസർ ലൈറ്റ് സോഴ്സ് – 1.44 ലക്ഷം

➢ അഡ്വാൻസ്ഡ് ഫാക്കോ എമ്യൂൽസിഫിക്കേഷൻ സിസ്ററം – 45 ലക്ഷം

➢ ഐ.സി.യു. വെന്റിലേറ്റർ – 17.7 ലക്ഷം

➢ പോയിന്റ് ഓഫ് കെയർ അൾട്രാസൗണ്ട് മെഷീൻ – 9.9 ലക്ഷം

➢ അനസ്ത്തേഷ്യാ വർക്ക് സ്റ്റേഷൻ – 11.69 ലക്ഷം

➢ അൾട്രാസൗണ്ട് കളർ ഡോപ്ളർ – 14 ലക്ഷം

**അക്കാദമിക് രംഗത്തെ നേട്ടങ്ങൾ**

➢ 2016–17 അദ്ധ്യയന വർഷം 2 സീറ്റുകളോടെ ഡി. എം. നെഫ്രോജി കോഴ്സ് അനുവദിച്ചു.

➢ 2017–18 അദ്ധ്യയന വർഷം മുതൽ എം.ഡി. ജനറൽ മെഡിസിൻ സീറ്റുകൾ 7 –ൽ നിന്നും 10 ആയും. എം. ഡി. പിഡിയാട്രിക്സ് സീറ്റുകൾ 3–ൽ നിന്നും

4-ആയും, ഡി.എം. കാർഡിയോളജി സീറ്റുകൾ 2-ൽ നിന്നും 3-ആയും വർദ്ധിപ്പിച്ചു

- 218-19 അദ്ധ്യയന വർഷം എം. ഡി. പീഡിയാട്രിക് സീറ്റുകൾ 50-ൽ നിന്നും 7-ആയും. എം.എസ്. ഒബിജി 3 നിന്നും 8-ആയും വർദ്ധിപ്പിച്ചു.
- 2019-20 അദ്ധ്യയന വർഷം ഇക്കണോമിക്കൽ വീക്കർ സെക്ഷൻ ക്വാട്ടായിൽ ഉൾപ്പെടുത്തി 25 എംബിബിഎസ്. സീറ്റുകൾ വർദ്ധിപ്പിച്ച് 150-ൽ നിന്നും 175 ആയി ഉയർത്തി
- 2019-20 അദ്ധ്യയന വർഷം 10 സീറ്റുകളോടെ ബി.എസ്.സി-ഡയാലിസിസ് ടെക്നോളജി കോഴ്സ് ആരംഭിച്ചു.

**2020-21 അദ്ധ്യയന വർഷം ചുവടെ ചേർക്കുന്ന 4 പുതിയ പി. ജി. മെഡിക്കൽ കോഴ്സുകൾ ആരംഭിച്ചു**

| | | |
|---|---|---|
| എം.ഡി.ബയോകെമിസ്ട്രി | – | 2 സീറ്റ് |
| എം.ഡി. മൈക്രോബയോളജി | – | 2 സീറ്റ് |
| എം.ഡി. റേഡിയേഷൻ ഓങ്കോളജി | – | 3 സീറ്റ് |
| എം. ഡി. റസ്പ്റേറ്ററി മെഡിസിൻ | – | 2 സീറ്റ് |

**2020-2021 അദ്ധ്യയന വർഷം താഴെപ്പറയുന്ന 9 പി. ജി. ഡിപ്ലോമാ കോഴ്സുകൾ, ഡിഗ്രി കോഴ്സുകളാക്കി മാറ്റി**

| | | |
|---|---|---|
| ഡിപ്ലോമ ഇൻ അനസ്തേഷ്യാ | – | 2 |
| ഡിപ്ലോമ ഇൻ ചൈൽഡ് ഹെൽത്ത് | – | 2 |
| ഡിപ്ലോമ ഇൻ ഓഫ്താൽമോളജി | – | 2 |
| ഡിപ്ലോമ ഇൻ ഓർത്തോപീഡിക്സ് | – | 2 |
| ഡിപ്ലോമ ഇൻ ഓട്ടോലാരംഗോളജി | – | 1 |

**<u>പുതുതായിസൃഷ്ടിക്കപ്പെട്ട തസ്തികകൾ</u>**

| | | |
|---|---|---|
| അസോസിയേറ്റ് പ്രൊഫസർ ( സർജിക്കൽ ഓങ്കോളജി) | – | 1 |
| അസോസിയേറ്റ് പ്രൊഫസർ (മെഡിക്കൽ ഓങ്കോളജി) | – | 1 |

| | | |
|---|---|---|
| അസോസിയേറ്റ് പ്രൊഫഗക്ത (ഓങ്കോ പതോളജി) | – | 1 |
| അസോസിയേറ്റ് പ്രൊഫസർ (ട്രാൻസ്ഫ്യൂഷൻ മെഡിസിൻ | – | 1 |
| അസിസ്റ്റന്റ് പ്രൊഫസർ (സർജിക്കൽ ഓങ്കോളടജി) | – | 2 |
| അസിസ്റ്റന്റ് പ്രൊഫസർ (മെഡിക്കൽ ഓങ്കോളജി) | – | 2 |
| അസിസ്റ്റന്റ് പ്രൊഫസർ (സൈറ്റോ പത്തോളജി) | – | 2 |
| അസിസ്റ്റന്റ് പ്രൊഫസർ (ഓങ്കോപത്തോളജി) | – | 1 |
| സീനിയർ ലക്ചറർ ഇൻഫാർമസി | – | 4 |
| സ്റ്റാഫ് നെഴ്സ് ഗ്രേഡ് –2 (സർജിക്കൽ ഓങ്കോളജി) | – | 6 |
| സ്റ്റാഫ് നെഴ്സ് ഗ്രേഡ് –2 (മെഡിക്കൽ ഓങ്കോളജി) | – | 5 |
| സ്റ്റാഫ് നെഴ്സ് ഗ്രേഡ് 2 | – | 51 |
| സീനിയർ സയന്റിഫിക് അസിസ്റ്റന്റ് | – | 1 |
| ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ | – | 1 |
| ജൂനിയർ ലാബ് അസിസ്റ്റന്റ് (ബ്ലസ്റ്റ് ബാങ്ക്) | – | 2 |
| മെഡിക്കൽ സോഷ്യൽ വർക്കർ | – | 1 |
| ലാബ് അസിന്റന്റ് (നെഫ്രോളജി) | – | 4 |

വിശ്വസ്തതയോടെ,

30/1/23

പ്രിൻസിപ്പാൾ

30/1/23

30/1/23 30/1/23

## ആലപ്പുഴ ഗവൺമെന്റ് ദന്തൽ കോളേജ് നേട്ടങ്ങൾ

5.5 എക്കർ വിസ്തൃതി വരുന്ന സ്ഥലം പ്രിൻസിപ്പാൾ ഗവൺമെന്റ് മെഡിക്കൽ കോളേജ് ആലപ്പുഴ പ്രിൻസിപ്പാൾ ഗവൺമെന്റ് ദന്തൽ കോളേജ് ആലപ്പുഴയ്ക്ക് കൈമാറി. 2019- ൽ ഗവൺമെന്റ് ദന്തൽ കോളേജ് ആലപ്പുഴയുടെ ഗ്രൗണ്ട് ഫ്ലോറിന്റെ പണി M/S കെ.വി.ജോസഫ് കമ്പനി പൂർത്തിയാക്കി അക്കൗണ്ട് സെറ്റിൽ ചെയ്തു. രണ്ടാമത്തെ പ്രോജക്റ്റ് M/S.പി.സിതോമസ് ആന്റ് കമ്പനി പാലാരിവട്ടം, കൊച്ചി എന്ന ആൾക്ക്നൽകി. ജി.ഒ (ആർറ്റി നം.2463/22/H&FWD തീയതി, 10/10/2022 എന്ന സർക്കാർ ഉത്തരവ് പ്രകാരം 2,92,48,243/- രൂപ, **2210 -05-105-48-34-ഒസി-3-01 പ്ലാൻ** എന്ന ശീർഷകത്തിൽ അനുവദിച്ചു. M/S.പി.സി.തോമസ് കമ്പനിയ്ക്ക് നൽകുവാനും ഉത്തരവായി.

ജി.ഒ(ആർറ്റി.നം.2812/22/ തീയതി, 26/11/2022 എന്ന സർക്കാർ ഉത്തരവ് പ്രകാരം 6,33,57,892/- രൂപ **2210-05-105-48-34-ഒസി-3-01 പ്ലാൻ എന്ന ശീർഷകത്തിൽ സിവിൽ വർക്കിംഗ് 6,19,22,159/- HVAC യ്ക്ക് 14,35,733/-** രൂപയും റിലീസ് ചെയ്ത് നൽകാൻ ഉത്തരവായി. നികുതികൾ ജി.എസ്ടി, സിജിഎസ്ടി, സെക്യൂരിറ്റി ഡിപ്പോസിറ്റ് തുക, ലേബർ സെസ്സ് എന്നീ ഇനങ്ങളിലെ തുകകൾ മാറ്റി 8,45,51,930/- രൂപ കോൺട്രാക്ടർക്ക് ലഭിക്കുവാനുണ്ട്. ഈ തുക ബിഡിഎസ് (ബിൽ ഡിസ്ക്കൗണ്ടിംഗ് സിസ്റ്റം) ആണ് ഇപ്പോൾ ലഭ്യമായിട്ടുള്ളത്.

ആലപ്പുഴ ഗവൺമെന്റ് ദന്തൽ കോളേജിൽ ഒൻപത് ഡിപ്പാർട്ട്മെന്റുകൾ പ്രവർത്തിച്ചുവരുന്നു. ഓരോ ഡിപ്പാർട്ടുമെന്റുകളിലേയും 2022 ജനുവരി മുതൽ ഡിസംബർ വരെയുള്ള നേട്ടങ്ങൾ താഴെ കൊടുക്കുന്നു.

**കുട്ടികളുടെ ദന്തരോഗവിഭാഗം ഗവൺമെന്റ് ദന്തൽ കോളേജ് ആലപ്പുഴയിൽ 2022 വർഷത്തിലെ നേട്ടങ്ങളും കാര്യമായ സംഭവങ്ങളും-**

1. <u>പീഡോഡോൺറ്റിക്സ് വിഭാഗം-</u>

- പരിഷ്ക്കരിച്ച ശസ്ത്രക്രീയാ രീതികൾ അവലംബിച്ച് കുട്ടികളിൽ വയ്ക്കകത്തും ചുണ്ടുകളിലും കണ്ടുവരുന്ന മുഴകളും Cyst- കളും Local Anaesthesia യിൽ ചികിത്സിച്ച് ഭേദമാക്കി.
- വീഴ്ചകളും റോഡപകടങ്ങളും കാരണം താടിയെല്ലുകൾക്ക് ഉണ്ടാകുന്ന ആഘാതത്തെ തുടർന്ന് മുൻനിരയിലെ സ്ഥിരദന്തങ്ങൾ ഇളകി നഷ്ടപ്പെടുകയും, അവ അപകടനേരിട്ട കുട്ടികളിൽ നൂതനമായ ചികിത്സ രീതികൾ അവലംബിച്ച തിരികെ താടിയെല്ലുകളിൽ ഉറപ്പിക്കുകയും വിജയകരമായി രക്ഷിച്ചെടുക്കുകയും ചെയ്തു.
- ഓറൽ ആന്റ് മാക്സിലോഫേഷ്യൽ വിഭാഗത്തിന്റെ സഹകരണത്തോടെ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ജനറൽ അനസ്തീസിയിയൽ സമഗ്രമായ ദന്തചികിത്സ നൽകി.
- Rrotary Endomotor എന്ന നൂതനമായ സാങ്കേതിക വിദ്യ ഉപയോഗിച്ച കുട്ടികളിലെ പോട് വന്ന് പഴുപ്പ് ബാധിച്ച പല്ലുകൾ വിദഗ്ധമായി ചികിത്സിക്കുന്നു.
- ശിശുദിനത്തോടനുബന്ധിച്ച് വണ്ടാനത്ത് T.D.High School, Vandanam ദന്തൽ ക്യാമ്പ് നടത്തുകയും കുട്ടികളിൽ ദന്തൽ സ്ക്രീനിംഗ് ചെയ്യുകയും ഉണ്ടായി. ചെറിയ കുട്ടികളിലെ ദന്താരോഗ്യം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ

ദന്താരോഗ്യപ്രശ്നമായ"Early Childhood Carier" (ചെറുപ്രായത്തിലെ ദന്തക്ഷയം) എന്ന വിഷയത്തിൽ ഉപന്യാസമത്സരം നടത്തുകയും ചെയ്തു.

## 2. ഓറൽ മെഡിസിൻ ആന്റ് റേഡിയോളജി വിഭാഗം

ഓറൽ മെഡിസിൻ ആന്റ് റേഡിയോളജി വിഭാഗത്തിൽ രോഗനിർണ്ണയത്തിലും ചികിത്സയ്ക്കും പ്രാധാന്യം നൽകുന്നു. വായിലെ ക്യാൻസർ ഉൾപ്പെടെ അനുബന്ധ അസുഖങ്ങളുടെ രോഗനിർണ്ണവും തുടർ ചികിത്സയ്ക്കും ഈ വിഭാഗം മുഖ്യപങ്ക് വഹിക്കുന്നു. റേഡിയോളജി വിഭാഗത്തിൽ മുഖത്തെ അസ്ഥികളുടേയും, വായിലെ പല്ലുകളുടേയും ബന്ധപ്പെട്ട ഭാഗങ്ങളുടേയും എക്സറേ പരിശോധന ലഭ്യമാണ്. ആവശ്യാനുസരണം CBCT, OPG ഉൾപ്പെടെ വലുതും ചെറുതുമായ പല വിധ എക്സറേ പരിശോധനകൾ ഇവിടെ നടത്തുപ്പെടുന്നു. ബി.ഡി.എസ് വിദ്യാർത്ഥികൾ (മൂന്നാം വർഷം, അവസാന വർഷം പാർട്ട് ഒന്ന്) DRT വിദ്യാർത്ഥികൾ, എംബിബിഎസ് വിദ്യാർത്ഥികൾ എന്നിവർക്ക് ബന്ധപ്പെട്ട പരിശീലനം ലഭ്യമാക്കുന്നു. മൂന്നാം വർഷം, അവസാന വർഷം- പാർട്ട് ഒന്ന് ബി.ഡി.എസ് വിദ്യാർത്ഥികൾക്ക് ഇവിടെ തീയറി ക്ലാസ്സുകൾ എടുക്കുന്നുമുണ്ട്.

## 3. കൺസർവേറ്റീവ് ദന്തിസ്ട്രി ആന്റ് എന്റോഡോന്റിക്സ് വിഭാഗം

- 2022 തുടക്കത്തിൽ കോവിഡ് 19 സാധാരണ പ്രവർത്തനങ്ങളെ ബാധിച്ചുവെങ്കിലും അക്കാദമിക് പ്രവർത്തനങ്ങൾ (റിസർച്ച് പ്രോഗ്രാമുകൾ, സ്റ്റുഡൻസിനുള്ള ട്രെയിനിങ്ങുകൾ, പേഷ്യന്റ് ചികിത്സകൾ എന്നിവ) നടപ്പിലാക്കാൻ സാധിച്ചു.
- 2022 -ൽ 8,321 (എണ്ണായിരത്തി മുന്നൂറ്റി ഇരുപത്തിയൊന്ന്) പഴയ കേസുകളും 5,055 (അയ്യായിരത്തി അൻപത്തിയഞ്ച്) പുതിയ കേസുകളും ചികിത്സ നൽകിയിട്ടുണ്ട്.
- Endoactivator, FFumigator, Foot Operated Hand Sterilizer എന്നീ ഉപകരണങ്ങൾ 2022 ൽ പേഷ്യന്റ് ചികിത്സയ്ക്കും കോവിഡ് 19 മാനേജുമെന്റിനുമായി ഡിപ്പാർട്ട്മെന്റിൽ വാങ്ങിച്ചു.
- ഡിപ്പാർട്ട്മെന്റിലെ ഫാക്കൽറ്റികൾ TOT (Training of Trainers) പ്രോഗ്രാമുകളിൽ പങ്കെടുത്തു വരുന്നു.
- ഫാക്കൽറ്റികളുടേയും സീനിയർ റസിഡന്റിന്റേയും റിസർച്ച് പ്രബന്ധങ്ങൾ പബ്ലിഷ് ചെയ്തു.

## 4. ഓറൽ പത്തോളജി ആന്റ് മൈക്രോബയോളജി വിഭാഗം

- ഡിപ്പാർട്ട്മെന്റ് ലബോറട്ടറിയിൽ സാധാരണ രക്തപരിശോധന, രക്തത്തിലെ പഞ്ചസാരയുടെ അളവ് നിർണ്ണയം തുടങ്ങിയ ബയോമെഡിക്കൽ പരിശോധനകൾ ചെയ്തുവരുന്നു.
- ഓറൽ പത്തോളജി ഡിപ്പാർട്ട്മെന്റി ലബോറട്ടറിയിൽ സാധാരണ രക്തപരിശോധന, രക്തത്തിലെ പഞ്ചസാരയുടെ അളവ് നിർണ്ണയം തുടങ്ങിയ ബയോമെഡിക്കൽ പരിശോധനകൾ ചെയ്തുവരുന്നു.
- രോഗനിർണ്ണയത്തിനായി നീക്കം ചെയ്ത ശരീരകളുടെ പരിശോധന
- ശരീരകലകൾ ഉപയോഗിച്ചുള്ള രോഗനിർണ്ണയം

- ഫോറൻസിക് ഒഡന്റോളജി കേസുകളുടെ പരിശോധനയും, റിപ്പോർട്ടിങ്ങും.
- ശരീരകോശങ്ങളുടേയും ദ്രവങ്ങളുടേയും കുത്തിയെടുത്തുള്ള പരിശോധന
- സെറോളജിക്കൽ പരിശോധനകൾ
- എക്സ്ഫോളിയേറ്റീവ് സൈറ്റോളജി സ്മിയർ പരിശോധന
- പൂപ്പൽ ബാധ നിർണ്ണയത്തിനുള്ള പരിശോധന.

5. <u>പബ്ലിക് ഹെൽത്ത് ദന്തിസ്ട്രി വിഭാഗം (സാമൂഹിക ദന്താരോഗ്യ വിഭാഗം)</u>

- ലോക വദനാരോഗ്യ ദിനം 2022 നോട് അനുബന്ധമായി പൊതുജന ബോധവൽക്കരണത്തിന് മുൻതൂക്കം നൽകി, ഒരു ആധുനിക റേഡിയോ വിഷ്യൽ ഉപകരണം സ്ഥാപനത്തിന്റെ റിസപ്ഷൻ എരിയയിൽ സ്ഥാപിക്കുകയും അതിിലൂടെ ദന്താരോഗ്യ സംരക്ഷണത്തിനെ സംബന്ധിച്ചുള്ള പോസ്റ്ററുകൾ (71 എണ്ണം) വീഡിയോകൾ (15 എണ്ണം) എന്നിവ സ്ഥാപനത്തിന്റെ പ്രവൃത്തി സമയങ്ങളിൽ സംപ്രേക്ഷണം ചെയ്ത് വരുന്നു.
- സാന്ത്വന ചികിത്സ അനുബന്ധിച്ച് 330 ഓളം രോഗികളുടെ വീട് സന്ദർശിച്ച് ദന്തപരിചരണം നൽകി.
- സാമൂഹികമായി പിന്നോക്കം നിൽക്കുന്നവരിലും ഉയർന്നതോതിൽ ദന്തരോഗം കണ്ടുവരുടേയും ഇടയിൽ മൊബൈൽ ദന്തൽ വാഹനം ഉപയോഗിച്ച് 1,360/- (ആയിരത്തി മുന്നൂറ്റി അറുപത് ) രോഗികൾക്ക് ചികിത്സ നൽകുകയുണ്ടായി
- ചുവടെ കൊടുക്കുന്ന പ്രത്യേക ദിനങ്ങളോട് അനുബന്ധമായി 11 (പതിനൊന്ന്) ഓളം പൊതുജനബോധവൽക്കരണപരിപാടികൾ സംഘടിപ്പിച്ചു.
  (1). വദനാർബുധ സ്ക്രിനീംഗ്
  (2)ദന്തിസ്റ്റ് ഡേ
  (3). ലോകാരോഗ്യദിനം
  (4). പുകയില വിരുദ്ധ ദിനം.
  (5). ലോക പരിസ്ഥിതി ദിനം.
  (6)ലഹരി വിരുദ്ധ ദിനം.
  (7) ഡോക്ടേഴ്സ് ഡേ
  (8). ലോക അർബുദ ബോധവത്ക്കരണദിനം.
  (9). ലോക എയ്ഡ്സ് ഡേ
  (10). Substance Abuse Day
  (11) ആന്റിബയോട്ടിക് അവയർനെസ്സ് വാരം.
- 2022 സ്പെഷ്യൽ ഒളിംപിക്സ് ഭാരതിനോട് അനുബന്ധമായി ആലപ്പുഴ ജില്ലയിലെ എല്ലാ അത്‌ലറ്റുകളുടേയും ദന്തൽ ഫിറ്റ്നസ്സ് ഉറപ്പ് വരുത്തി. (World Talents recod, Limcas book of records Asian book of rewards, Asian books of records) എന്നിവ ആസാദി കീ അമൃത് മഹോത്സവിനോട് അനുബന്ധമായ ഈ സ്ക്രീനിങ്ങിന് ലഭിച്ചിട്ടുള്ളതാണ്.

6. <u>ദന്തക്രമീകരണ വിഭാഗം (ഓർത്തോഡോന്റിക്സ വിഭാഗം)</u>

- കേരളത്തിലെ നാല് ജില്ലകളിലുള്ള പ്രതിവർഷം പതിനായിരത്തോളം പേർ ചികിത്സയ്ക്ക് വിധേയരാകുന്നു. അതിൽ മൂവായിരം പേർക്ക് നൂതന ചികിത്സയും താടിയെല്ലിന് വളർച്ച വ്യതിയാനം ഉള്ള രണ്ടായിരത്തി അഞ്ഞൂറോളം പേർക്ക് ചികിത്സയും നൽകുന്നു.
- ശസ്ത്രക്രിയ ആവശ്യമായ രോഗികൾക്ക് ടാഡിന്റെ (മിനി ഇംപ്ലാന്റ്സ്) സഹായത്തോടെ ശസ്ത്രക്രീയ ഒഴിവാക്കിയുള്ള ചികിത്സ നൽകുന്നു.
- Surgery First Approach - ലൂടെ ദീർഘകാലം നീണ്ടുനിർക്കുന്ന ചികിത്സാകാലയളവ് കുറയ്ക്കാനും തത് കാലയളിവ്ല മുഖത്ത് വന്നേക്കാവുന്ന (അനിഷ്ടകരമാ) മാറ്റങ്ങൾ ഒഴിവാകുവാനും സാധിക്കുന്നു.
- മുചുണ്ടും മുറിയണ്ണാക്കുമായി എത്തുന്ന രോഗികൾക്ക് ദന്തക്രമീകരണത്തിലൂടേയും ഇതര ശ്ത്രക്രിയകളിലൂടേയും കുറവുകൾ നികത്താനും ഫലപ്രദമായ മാറ്റം കൈവരിയ്ക്കുവാനും സാധിക്കുന്നു.

7. **<u>പെരിയോഡോന്റിക്സ് വിഭാഗം</u>**

- അമ്പത് കുട്ടികളുടെ വാർഷിക Ontake ഉള്ള 2014 ൽ സ്ഥാപിതമായ ആലപ്പുഴ ഗവൺമെന്റ് ദന്തൽ കോളേജിലെ പെരിയോഡോന്റിക്സ വിഭാഗത്തിൽ 2022 ൽ 12,868 പേർക്ക് മോണ രോഗ ചികിത്സ നേടി. 3,489 പേർക്ക് നോൾ സർജിക്കൽ ചികിത്സയും 31 പേർക്ക് സർജിക്കൽ ചികിത്സയും നൽകി. ഇതിൽ സാധാരണയായ Flap സർജറിയും ആധുനിക രീതിയിലുള്ള ലോക്കൽ ഡ്രഗ്സ് ഡെലിവറി, പല്ലുകളെ ഉറപ്പിച്ചു നിർത്തുന്ന സ്പ്ലിന്റിംഗ്, പ്ലാസ്റ്റിക സർജറി, ലേസർ തുടങ്ങിയവ ഉൾപ്പെടുന്നു.
- Faculties Academic Activities കൂട്ടാൻ പ്രവർത്തനക്ഷമത വരുത്തുവാൻ MOOC Online Course by KUHS, M Phil Course എന്നിവയും വ്യത്യസ്തങ്ങളായ Online Platform NPTEL (Swayam) course era, WHO, Future learn) എന്നിവയിൽ നിന്നും പരിശീലനം നേടി. ചെറു പഠനങ്ങൾ ഡിപ്പാർട്ട്മെന്റിൽ നടത്തിവരുന്നു.Knowledge ഉം skill ഉം update ചെയ്യാൻ CDC, Confererance കളും attend ചെയ്തു. ദേശീയ അന്തർ ദേശീയ തലത്തിൽ പേപ്പറുകളും പബ്ലിഷ് ചെയ്തു.
- അഡ്മിനിസ്ട്രേഷൻ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ ഐഎംജി ട്രെയ്നിംഗ് പ്രോഗ്രാമിൽ പങ്കെടുക്കുകയും ചെയ്തു.
- സ്പെഷ്യാലിറ്റി ശില്പശാലകളിൽ എറ്റവും കൂടുതൽ മാർക്ക് വാങ്ങിയ വിദ്യാർത്ഥിനി പങ്കടുത്തു. ദേശീയ ശില്പശാലയിൽ പ്രബന്ധം അവതരിപ്പിച്ച് സമ്മാനം കരസ്ഥമാക്കി. ബോധവൽക്കരണത്തിന്റെ ഭാഗമായി വീഡിയോകൾ തയ്യാറാക്കി.

8. **<u>പ്രോസ്തോഡോന്റിക്സ് വിഭാഗം- (കൃത്രിമ ദന്തവിഭാഗം)</u>**

- പൂർണ്ണമായും ഭാഗികമായും പല്ല് നഷ്ടപ്പെട്ട് കേരളത്തിലെ നാല് (4) ജില്ലകളിൽ നിന്നും പ്രതിവർഷം ഏകദേശം 10,000 രോഗികൾ കൃത്രിമ ദന്ത ചികിത്സയ്ക്കും, അതിന്റെ തുടർ ചികിത്സയ്ക്കായും ഇവിടെ എത്താറുണ്ട്.

- അർബുദ ചികിത്സയുടെ ഭാഗമായുള്ള മുഖവൈകൃതങ്ങൾ പരിഹരിക്കുന്നതിനുള്ള ശസ്ത്രക്രീയകൾക്ക് മുൻപും പിൻപും ഉള്ള ചികിത്സകൾ.
- വൈകൃതം വന്ന മുഖഭാവത്തിന് രൂപമാറ്റം വരുത്തുന്നതിനുള്ള, മുഖസൗന്ദര്യചികിത്സയായ മാക്സിലോ ഫേഷ്യൽ പ്രോസ്തെറ്റിക് ചികിത്സ
- മുച്ചുണ്ടും, മുറി അണ്ണാക്കുമായി എത്തുന്ന രോഗികൾക്ക് ശസ്ത്രക്രിയയ്ക്ക് ശേഷം, കൃത്രിമ ദന്ത് ക്രമീകരണം ചെയ്യുകയും, ശസ്ത്രക്രീയ ചെയ്യാൻ സാധിക്കാത്ത രോഗികൾക്ക് കൃത്രിമ ദന്തവും, മറ്റ് അനുബന്ധ ചികിത്സകളും ചെയ്തുവരുന്നു.
- താടിയെല്ലിൽ ഘടിപ്പിക്കുന്ന നൂതന ദന്തൽ ഇംപ്ലാന്റ് ചികിത്സ.
- താടിയെല്ലിന്റെ സന്ധികൾക്കുണ്ടാകുന്ന തേയ്മാനവും, വേദനയും മാറ്റുന്നതിനുള്ള സ്പിളിന്റ് ചികിത്സ.

9. **ഓറൽ ആന്റ് മാക്സിലോഫേഷ്യൽ സർജറി വിഭാഗം**

- ഓറൽ ആന്റ് മാക്സിലോഫേഷ്യൽ സർജറി വിഭാഗം ആലപ്പുഴ ദന്തൽ കോളേജിലും, ഗവൺമെന്റ് റ്റി.ഡി.മെഡിക്കൽ കോളേജിലും ഒരേ സമയം ഒപി വിഭാഗം പ്രവർത്തിക്കുന്നു. ഇതിനോടൊപ്പം തന്നെ 24X7 അത്യാഹിത വിഭാഗവും, ടി.ഡി.മെഡിക്കൽ കോളേജിനോടൊപ്പം പ്രവ്ർത്തിക്കുന്നു.
- കേരളത്തിലെ നാല് ജില്ലകളിൽ നിന്ന് മുഖത്തെ ശസ്ത്രക്രിയയ്ക്ക് വേണ്ടിയുള്ള രോഗികളെ ഈ വിഭാഗത്തിൽ ചികിത്സിക്കുന്നു. ഒ.പി വിഭാഗത്തിൽ പല്ല് എടുക്കുകയും, ബയോപ്സികൾ, വിസ്ഡം പല്ല് ശസ്ത്രക്രിയയിലൂടെ എടുക്കൽ, എല്ലുകൾക്ക് അകത്ത് കിടക്കുന്ന മുഴകൾ നീക്കം ചെയ്യൽ എന്നിവ ദൈനംദിനമായി ചെയ്തുവരുന്നു.
- മേജർ ശസ്ത്രക്രിയയ്ക്ക് വേണ്ടിയുള്ള രോഗികളേയും, ആക്സിഡന്റായി വരുന്ന രോഗികൾക്ക് മുഖത്തും താടിയെല്ലിനും വരുന്ന പൊട്ടലുകൾക്കുള്ള ചികിത്സ, മുഖത്തും കഴുത്തിലേയ്ക്കും വ്യാപിക്കുന്ന റിസ്ക്കുള്ള പഴുപ്പുകൾക്കുള്ള ചികിത്സ, ആരോഗ്യസംബന്ധമായി റിസ്ക്കുള്ള് രോഗികളെ മറ്റു വിഭാഗങ്ങളുടെ സഹകരണത്തോടെ കിടത്തി ചികിത്സിക്കുന്നു. കുട്ടികളുടെ മേജർ സർജറികളും, പീഡോഡോൺഷ്യ വിഭാഗത്തിനോട് ഒത്തൊരുമിച്ച് ചെയ്തുവരുന്നു.
- അത്യാഹിത വിഭാഗത്തിൽ മൂവായിരത്തിൽപരം രോഗികളെ, ആക്സിഡന്റ്, കൈയ്യേറ്റം എന്നിവ കാരണം മുഖത്ത് ഉണ്ടാകുന്ന മുറിവുകൾക്കും, അസ്ഥികൾക്കും ഉണ്ടാകുന്ന പൊട്ടലുകൾക്കും ചികിത്സ, എമർജൻസി ആയി നൽകുന്നു.

**മേജർ ശസ്ത്രക്രിയകൾ**

- മുഖത്തെ അസ്ഥികളുടെ പൊട്ടലുകൾക്കുള്ള ചികിത്സ.
- ജൻമനാ ഉണ്ടാകുന്ന സിസ്റ്റ്, ട്യൂമർ എന്നിവ നീക്കം ചെയ്യുന്ന സർജറികൾ
- മറ്റു ശസ്ത്രക്രിയ വിഭാഗവും ചേർന്നുള്ള വായിലെ ക്യാൻസറിന്റെ ശസ്ത്രക്രിയ.

- താടിയെല്ലിന്റെ ജോയിന്റിലെ പല വിധ ശസ്ത്രക്രിയ
- ക്ലിനിക്കൽ വർക്കുകൾ കൂടാതെ, ബി.ഡി.എസ് വിദ്യാർത്ഥികളുടെ ക്ലാസ്സുകൾ, ക്ലിനിക്കൽ പഠനം, പരീക്ഷകൾ എന്നിവ യഥാക്രമം നടത്തുന്നു.

| | |
|---|---|
| ഏകദേശം പ്രതിവർഷം ഒ.പി | - 10,000- രോഗികൾ |
| കിടത്തി ചികിത്സ (ഐ.പി) | - 200-ന് മേലേ |
| അത്യാഹിത വിഭാഗം | - 2500- |
| മൈനർ സർജറികൾ | - 1000- |
| മേജർ സർജറികൾ | -200- |